കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 4)/1416/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/10/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 4)/1416/2024 തീയ്യതി: 19/10/2024

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	03-09-2024	11-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-09-2024	11-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസി എം., ഓഡിറ്റ് ഓഫീസർ

പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സൗരഥ് സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ഹരീഷ് പി.ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ബിജു പാലാട്ടി	പ്രസിഡന്റ്	01-04-2023	31-03-2024

ശ്രീ സുനിൽകുമാർ കെ യു	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
തൻസീല	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ബബിത പി എസ്	കൃഷി ഓഫീസർ	01-04-2023	29-11-2023
നീതു എൻ.എസ്	കൃഷി ഓഫീസർ	30-11-2023	31-03-2024
ജെസി കെ എ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ അനുരൂപ് ജോസഫ് പി	മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി	01-04-2023	21-06-2023
ഡോ. ബിബിത വിശ്വം	മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി	22-06-2023	31-03-2024
ഡോ ജോസ് ലിൻ ജാസ്മിൻ ജോസ്	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2023	31-03-2024
ഡോ ചിത്ര	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2023	31-03-2024
ഡോ രജിത .പി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
സൗമ്യ പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	23-07-2023
ജോമോൻ പൗലോസ്	അസിസ്റ്റന്റ് എഞ്ചിനിയർ	24-07-2023	31-03-2024
പ്രശാന്ത്.ഇ.എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
അശ്വതി സി നന്ദനൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കോക്കുന്ന്	01-04-2023	31-03-2024
ഷിനോ തോമസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂക്കന്നൂർ	01-04-2023	13-06-2023
അശ്വതി സി നന്ദനൻ (ഇൻ ചാർജ്ജ്)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂക്കന്നൂർ	14-06-2023	24-08-2023
ജാസ്മി പോൾ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മൂക്കന്നൂർ	25-08-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-1
3	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ആസ്തി രജിസ്റ്ററിലെ അപാകതകൾ	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.	1-1-5
7	സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ.	1-1-6
8	സാനിറ്റേഷൻ ഫണ്ട് അക്കൗണ്ട്- വർഷാവസാന നീക്കിയിരിപ്പ് ഉൾപ്പെടുത്തിയില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് ബാലൻസ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മാലിന്യസംസ്കരണം - ഹരിതകർമ്മസേനയിലൂടെ	1-10
18	തൊഴിൽ നികുതി - അപാകതകൾ	1-11
19	വസ്തു നികുതി കുടിശ്ശിക – അപാകതകൾ	1-12
20	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.	1-13
21	സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക്- പലിശ ലഭ്യമാവാത്തത് സംബന്ധിച്ച്	1-14
22	അധികമായി തുക നൽകി	1-15
23	വക്കീൽ ഫീ ഇനത്തിൽ അധിക തുക നൽകി	1-16
24	മഴക്കാലപൂർവ്വ ശുചീകരണം - അപാകതകൾ	1-17
25	പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ–നടപടിക്രമങ്ങൾ പാലിച്ചില്ല.	1-18
26	ഹരിതകർമ്മസേന മാലിന്യശേഖരണത്തിനുള്ള യൂസർ ഫീയിൽ നിന്നും ഇളവ് നൽകിയിരിക്കുന്ന വീടുകൾക്ക് വേണ്ടിയുള്ള പ്രോജക്റ്റ് - അപാകതകൾ	1-19
27	എസ്.എസ്.കെ യ്ക്ക് വിഹിതം നൽകൽ–വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.	1-20
28	കേരളോത്സവം പ്രോജക്റ്റ് - അപാകതകൾ	1-21
29	ഇൻഫർമേഷൻ കേരള മിഷന് തുക കൈമാറൽ പ്രോജക്റ്റ് – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-22
30	ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് – ലക്ഷ്യം കൈവരിച്ചിട്ടില്ല	1-23
31	പ്രോജക്റ്റർ വാങ്ങുന്നതിനായുള്ള പ്രോജക്റ്റിലെ അപാകതകൾ	1-24
32	ശാന്തിവനം പൊതുശ്മശാനം ഫർണ്ണസിന് 3 വർഷത്തേക്ക് എ.എം.സി ഏർപ്പെടുത്തൽ.– അപാകതകൾ	1-25
33	താബോർ കുടിവെള്ള പദ്ധതി ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കലും കുളം ശുദ്ധീകരണവും–പ്രോജക്റ്റ് അപാകതകൾ	1-26
34	താബോർ–ശാസ്താംപാറ റോഡ് നിർമ്മാണം-പൊട്ടിച്ചെടുത്ത പാറം ലേലം ചെയ്തില്ല.	1-27

35	ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് അടവാക്കിയില്ല	1-28
36	വനിത ഗ്രൂപ്പ് സ്വയം തൊഴിൽ സംരഭകർക്ക് സബ്സിഡി നൽകൽ പദ്ധതി - അപാകതകൾ	1-29
ഭാഗം **2**		
1	ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് അടവാക്കി	2-1
ഭാഗം **3**		
1	വാങ്ങലുകളിൽ അധികമായി തുക നൽകിയിരിക്കുന്നു.	3-1
2	വക്കീൽ ഫീസ് അധികം നൽകി	3-2
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകൾ	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **25.06.2024 ലെ 2(i) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **26.06.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മൂക്കന്നൂർ ഗ്രാമ** പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മൂക്കന്നൂർ** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം
തീയതി : 19.10.2024 ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് (-)₹1,72,04,651.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2,58,48,995.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

1-1-3 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം ആസ്തി രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

1-1-5 ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.

ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകളുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

1-1-6 സംരക്ഷണ ഗ്രാന്റിൽ നിന്നും മൂലധനചെലവുകൾ.

സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണ പ്രവൃത്തികൾക്കും മറ്റുമാണ്. സംരക്ഷണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ (റോഡിതരം) ഓഡിറ്റ് വർഷത്തിൽ ₹11,18,151/- മൂലധന ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-7 സാനിറ്റേഷൻ ഫണ്ട് അക്കൗണ്ട്- വർഷാവസാന നീക്കിയിരിപ്പ് ഉൾപ്പെടുത്തിയില്ല

SBI യിലുള്ള സാനിറ്റേഷൻ ഫണ്ട് അക്കൗണ്ടിലെ (No 57060213982) മാർച്ച് 2024 ലെ നീക്കിയിരിപ്പല്ല വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 30.09.2023 വരെ മാത്രമേ പാസ്സ് ബുക്കിൽ രേഖപ്പെടുത്തലുകളുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/07.09.2024) 2024-25 വർഷം അക്കൗണ്ട് കാലികമാക്കുന്നതാണെന്ന് അറിയിച്ചു.

1-2 ബജറ്റ്

2023-24 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 30/3/23 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി. പരിഷ്കരിച്ച ബജറ്റ് 31/1/24ലെ 3(1) തീരുമാനപ്രകാരം അഗീകരിച്ചു.

	ബജറ്റ് പ്രകാരം(₹)	പുതുക്കിയ ബജറ്റ് പ്രകാരം(₹)
മുൻബാക്കി	1,01,71,609.00	1,01,71,609.00
വരവ്	22,91,69,575.00	27,75,16,820.00
ആകെ	23,93,41,184.00	28,76,88,429.00
ചെലവ്	23,31,27,860.00	28,13,95,116.00
നീക്കിയിരുപ്പ്	62,13,324.00	62,93,313.00

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് (₹)	3,17,30,822
വരവ് (₹)	4,90,79,839
ആകെ (₹)	8,08,10,661
ചെലവ് (₹)	6,62,84,490
നീക്കിയിരിപ്പ് (₹)	1,45,26,171

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് - ജനറൽ	0	1,29,38,000	1,29,38,000	1,03,20,358	26,17,642	0
വികസനഫണ്ട്-എസ്.സി.പി.	0	31,68,000	31,68,000	31,68,000	0	0
വികസനഫണ്ട്-ടി.എസ്.പി.	0	1,84,000	1,84,000	1,84,000	0	0
സംരക്ഷണഗ്രാന്റ്-റോഡ്	0	2,32,44,000	2,32,44,000	87,93,688	1,44,50,312	0
സംരക്ഷണഗ്രാന്റ്-നോൺറോഡ്	0	35,60,000	35,60,000	29,35,698	6,24,302	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ്	27,171	21,66,649	21,93,820	11,08,562	0	10,85,258
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	6,61,747	16,07,000	22,68,747	11,57,858	0	11,10,889
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ്	3,15,000	0	3,15,000	0	0	3,15,000
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100125	7,38,563	9,35,351	16,73,914	7,11,056	0	9,62,858
320100160-ലൈഫ് സംസ്ഥാന വിഹിതം	531	39,00,016	39,00,547	24,62,060	0	14,38,487
320100181-ടോട്ടൽ സാനിറ്റേഷൻ	541255	7393	5,48,648	0	0	5,48,648
320100202-ഹെൽത്ത് ഗ്രാന്റ് -അടിസ്ഥാന സൗകര്യവികസനം	211355	805298	10,16,653	3,57,839	0	6,58,814
320100204-ഹെൽത്ത് ഗ്രാന്റ് വെൽനസ്	0	3,45,519	3,45,519	1,65,397	0	1,80,122
320300103-സമ്പൂർണ ശുചിത്വം	11,416	0	11,416	0	0	11,416
320300199-അദർ ഏജൻസി ഗ്രാന്റ്	0	13,50,000	13,50,000	0	0	13,50,000

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- **8,32,200/-**

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്- എസ്.സി.പി-**1,11,598/-**

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്- ടി.എസ്.പി-**13,950/-**

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട്, റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ തുക എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ്

വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ(എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
292	14,22,34,539	157	5,31,36,547	122	35	135	41.78 %

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	തൻവർഷ വരവ് (₹)	ആകെ വരവ് (₹)	ചെലവ് (₹)	നീക്കിയിരിപ്പ്(₹)
ഭരണച്ചെലവുകൾ	1,480	3,80,423	3,81,903	3,80,557	1,346
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	1,22,72,706	1,22,72,706	1,22,72,706	0
ആകെ	1,480	1,26,53,129	1,26,54,609	1,26,53,263	1,346

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	16,18,800	138
വിധവാപെൻഷൻ	83,55,600	784
വാർദ്ധക്യകാലപെൻഷൻ	2,16,14,300	2102
വികലാംഗപെൻഷൻ	31,26,300	272
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	8,01,000	72
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	1,20,000	4

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.09.2024 തീയതിയിൽ വൈകിട്ട് 3.30 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹33,890/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. തനതുഫണ്ട് വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്.
3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ്

വരുത്തുന്നതിനുള്ള സംവിധാനമില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

6. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗിലൂടെ സാധ്യമാകുന്നത്. മോണിറ്ററിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിറ്ററിംഗ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിറ്ററിംഗ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മാലിന്യസംസ്കരണം - ഹരിതകർമ്മസേനയിലൂടെ

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ അങ്കമാലി ബ്ലോക്ക്പഞ്ചായത്തിലുൾപ്പെട്ട മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 22.5 ചതുരശ്ര കിലോമീറ്റർ ആണ്. 19080 ജനസംഖ്യയുള്ള പഞ്ചായത്തിൽ ആകെ 14 വാർഡുകളാണ് ഉള്ളത്. ആകെ 6117 വീടുകളുള്ളതിൽ ആൾതാമസമുള്ളവ 5453 എണ്ണമാണ്. 412 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. ഇവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്. 2019-ലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതം 14 വാർഡുകളിലായി ആകെ 28 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ആവശ്യമാണ്, എന്നാൽ 12 പേർ മാത്രമാണ് നിലവിൽ പഞ്ചായത്തിലെ ഹരിത കർമ്മസേനയിലുള്ളത്

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
ഇ-വേസ്റ്റ്	ആഗസ്റ്റ്, സെപ്റ്റംബർ
തുണിമാലിന്യം	ക്ലീൻ കേരള കമ്പനി പറയുന്ന മാസങ്ങളിൽ

തെർമോക്കോൾ, തുകൽ, ചെരുപ്പ്, ബാഗ്, കാർപ്പെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ്	ഏപ്രിൽ, മെയ്
കുപ്പിച്ചില്ല് മാലിന്യങ്ങൾ	നവംബർ, ഡിസംബർ
വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യം	രണ്ട് മാസം കൂടുമ്പോൾ
സ്ഥാപനങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യം	എല്ലാ മാസവും

തയ്യാറാക്കിയ കലണ്ടർ പ്രകാരം ഏറെക്കുറെ മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. ബൈലോ, നോട്ടീസ്, പോസ്റ്റർ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യം വിവിധ ഇനങ്ങളായി തരംതിരിച്ചാണ് കൈമാറുന്നത്. എം.സി. എഫ്. നവീകരിച്ച് മുറ്റം ട്രസ്സ് വർക്ക് ചെയ്ത് എടുത്ത ഭാഗം മാലിന്യം വേർതിരിക്കാൻ ഉപയോഗിച്ചുവരുന്നുണ്ട്. എന്നാലും പൂർണ്ണമായി വേർതിരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. 70% മാത്രമാണ് വേർതിരിവ് നടക്കുന്നത്.

റീസൈക്ലിംഗ്

10 ബോട്ടിൽ ബൂത്തുകൾ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മുഖേന 4 എണ്ണം കൂടി സ്ഥാപിക്കാനുള്ള നടപടികൾ തുടരുന്നു. സ്വാപ് ഷോപ്പുകൾ പോലുള്ള മറ്റ് സംവിധാനങ്ങളൊന്നും നിലവിൽ ഇല്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹരിതസഭ, കുട്ടികളുടെ ഹരിതസഭ, ഹരിത കർമ്മസേനയ്ക്കൊപ്പം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ ഒരു വർഷം 2615 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹14,21,950.00 വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 10% കൺസോർഷ്യത്തിൽ നൽകി ബാക്കി 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 12 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹10,000.00 ആണ് പ്രതിമാസം വരുമാനമായി ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് വേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് രണ്ട് വാഹനങ്ങൾ നിലവിലുണ്ട്. (കെ.എൽ.63ജി 8592 – പിക്ക്അപ് വാൻ & കെ.എൽ.63ജെ 7623 - ഇ-ഓട്ടോ). വാഹനങ്ങൾ ഓടിക്കുന്നതിന് രണ്ട് താൽക്കാലിക ഡ്രൈവർമാരെ പഞ്ചായത്തിൽ നിന്നും നിയമിച്ചിരിക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി എം സി എഫിനോട് അനുബന്ധിച്ച് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്. ക്ലീൻ മൂക്കന്നൂർ പ്രോജക്റ്റ് വഴി ദിവസവും പൊതുനിരത്തുകൾ വൃത്തിയാക്കുന്നുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, ഹരിതമിത്രം ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്ക് 3 ദിവസത്തെ 'കപ്പാസിറ്റി ബിൽഡിംഗ്' പരിശീലനം നൽകിയിട്ടുണ്ട്.

നിയമങ്ങൾ പാലിക്കൽ

പൊതുജനങ്ങളുടെ സഹകരണക്കുറവ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകാറുണ്ട്. മാലിന്യം വലിച്ചെറിയുന്ന പ്രവണത പല സ്ഥലങ്ങളിലും

കാണപ്പെടുന്നുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഹരിതമിത്രം ആപ്പ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമായിട്ടില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ ഇതിന്റെ അവസ്ഥാവിശകലനം നടത്താറുണ്ട്.

നേട്ടങ്ങൾ/പുരസ്കാരങ്ങൾ

2024 ലെ റിപ്പബ്ലിക് ദിനാഘോഷത്തിനോടനുബന്ധിച്ച് സി.കെ.സി.എൽ നടത്തിയ വേസ്റ്റ് ഇൻസ്റ്റലേഷൻ മൽസരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചിരുന്നു.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിൽ നിലവിൽ 3024 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു എം സി എഫ് പ്രവർത്തിക്കുന്നുണ്ട്. സോർട്ടിംഗ് ഏരിയ, ടിപ്പിംഗ് ഏരിയ എന്നിവ ഒരുക്കിയിട്ടുണ്ട്. 3 അഗ്നിശമന ഉപകരണം എം സി എഫ്-ൽ സ്ഥാപിച്ചിട്ടുണ്ട്. ശുചിമുറി, ഓഫീസ് സൗകര്യം, കുടിവെള്ള കണക്ഷൻ എന്നിവയും എം സി എഫ്-ൽ ഉണ്ട്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിച്ച അജൈവ മാലിന്യം യൂണിവേഴ്സൽ ബയോഗ്യാസ് എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്. കിലോ ഗ്രാമിന് ₹8.00 രൂപ നിരക്കിൽ ഇതിനായി കമ്പനിക്ക് നൽകുന്നുണ്ട്. മാലിന്യം കാലതാമസം കൂടാതെ നീക്കം ചെയ്യാൻ സാധിക്കുന്നുണ്ട്. ആയതിനാൽ തന്നെ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകുന്നില്ല.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് 3024 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 2 മാസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാനാണ് സാധിക്കുന്നത്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ ലഭ്യമാക്കിയിരുന്നു.

5. ശുചിത്വമാനദണ്ഡങ്ങൾ

എം സി എഫ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മാലിന്യം നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പരിസരത്ത് മലിനീകരണ പ്രശ്നങ്ങളൊന്നും നിലവിലില്ല. കുടിവെള്ള ലഭ്യത, ശുചിമുറി എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

യൂണിവേഴ്സൽ ബയോഗ്യാസ്എന്ന സ്ഥാപനത്തിനാണ് മാലിന്യം കൈമാറുന്നത്. യഥാസമയം മാലിന്യം കൈമാറുന്നുണ്ട്. 2 മാസം വരെ ശേഖരിക്കുന്ന മാലിന്യം സംഭരിക്കാൻ നിലവിലുള്ള എം സി എഫ് പര്യാപ്തമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

സാമ്പത്തിക പുരോഗതിയോടൊപ്പം നഗരവത്ക്കരണവും സംഭവിച്ചതിന്റെ ഫലമായി ഉയർന്നുവന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വർദ്ധിച്ച ഉപയോഗവും മാലിന്യ സംസ്കരണം ദുഷ്ക്കരമാക്കി. ഈ സാഹചര്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. എന്നാൽ ഈ രംഗത്തേക്ക് തൊഴിലാളികളെ ലഭിക്കാത്തത് പഞ്ചായത്തിന്റെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. 14 വാർഡുകളിലായി ആകെ 12 പേർ മാത്രമാണ് ഹരിതകർമ്മസേനാംഗങ്ങൾ ആയി പ്രവർത്തിച്ചുവരുന്നത്. അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വേർതിരിക്കാത്ത മാലിന്യം കിലോ ഗ്രാമിന് ₹8.00 എന്ന നിരക്കിൽ നൽകിയാണ് കൈമാറുന്നത്. സെഗ്രിഗേഷൻ 100% ആക്കാൻ സാധിച്ചാൽ ഇതിൽ നിന്ന് വരുമാനം ലഭ്യമാകും. ബെയ്‌ലിംഗ് യൂണിറ്റ്, എം സി എഫിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ചുറ്റിനുമുള്ള തറയുടെ പണി

പൂർത്തിയാക്കിയിട്ടില്ല. എന്നിരുന്നാലും ബെയ്‌ലിംഗ് നടത്തി ചെറിയ യൂണിറ്റുകളാക്കിയാണ് മാലിന്യം കൊണ്ടുപോകുന്നത്. ഷ്രെഡ്ഡിംഗ് മെഷിൻ ഇല്ലാത്തതിനാൽ ഷ്രെഡ്ഡിംഗ് നടത്തുന്നില്ല. മാലിന്യ സംസ്കരണ പ്രക്രിയയിൽ തൊഴിൽ സൃഷ്ടിക്കലും കൂടി ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. മാലിന്യപ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, തുണി കൊണ്ടുള്ള ക്യാരിബാഗ് ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

1-11 തൊഴിൽ നികുതി - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ വിശദാംശങ്ങൾ 2-1 ചേർത്തിട്ടുണ്ട്.

2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ബഡ്സ് സ്പെഷ്യൽ സ്കൂൾ	II
2	ചക്കിയത്ത് മൂഡാ അഗ്രോ പ്രോഡക്ട്സ്	II
3	എം.ജി.ഫ്യുവൽ പോയിന്റ്	II
4	ഫ്രീമോ സൂപ്പർമാർക്കറ്റ് പ്രൈവറ്റ് ലിമിഡറ്റ്	II
5	സെന്റ് ജോസഫ് ഫർണീച്ചർ ഷോപ്പ്	II

3. ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈസൻസ് രജിസ്റ്റർ നം	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	5	6/28	പെന്റ റബർ പ്രോഡക്ട്സ്	4
2	64	9/418 O,P,Q,R	അങ്കമാലി അർബൻ സഹകരണ ലബോറട്ടറി	4
3	75	9/120 B	ഞാളിയത്ത് വുഡ് പ്രോഡക്ട്സ്	4
4	86	14/0	മേരിമാതാ ഇൻഫ്രാസ്ട്രക്ച്ചർ	70
5	93	9/439-441	നീതി മെഡിക്കൽസ്	7
6	117	9/581	അലൻടെക്ക് ഇഡസ്ട്രിയൽ സൊല്യൂഷൻസ്	7
7	118	9/584 C	അഗ്വാ എഞ്ചിനീയറിംഗ്	7
8	120	11/353	നമാൽസ് ഇന്റസ്ട്രീസ്	6
9	150	8/128	റോയൽ ഫർണീച്ചർ	5
10	152	9/333 P	കഫേ ഒഹാന	4
11	153	9/333 A-H	പെപെമാർട്ട് സൂപ്പർമാർക്കറ്റ്	7
12	219	5/407	MAGJ ആയുർക്ഷേത്ര ആയുർവേദ ഹോസ്പിറ്റൽ	6
13	313	9/160	ജിസ്സി ഇന്റസ്ട്രീസ്	4

14	331	11/237	ഫിസാറ്റ് കോളേജ് കാന്റീൻ	25
15	338	5/407 R	MAGJ കാന്റീൻ (ഫ്ലേവേഴ്സ് കിച്ചൻ)	7

4. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാർ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നീ സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 05.09.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ആയതിനാൽ ഖണ്ഡിക നമ്പർ 2, 3, 4 എന്നിവയിൽ പരാമർശിച്ച ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി കുടിശ്ശിക – അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 7,06,257/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക (₹)
1	പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷം)	1,54,901
2	പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി (കുടിശ്ശിക)	56,998
3	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി(തൻവർഷം)	2,82,429
4	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി (കുടിശ്ശിക)	2,11,929
	ആകെ	7,06,257

മുൻ വർഷങ്ങളിലെ നിന്നും പിരിച്ചെടുക്കുവാനുള്ള ആകെ കുടിശ്ശിക 2,68,927/- രൂപയാണ്. ഇതിൽ വളരെ നാളുകളായി കുടിശ്ശിക വരുത്തിയിട്ടുള്ള ചില കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം/ വിസ്തീർണ്ണം	ഉടമസ്ഥന്റെ പേര്	വസ്തു നികുതി കുടിശ്ശിക	ഈടാക്കേണ്ട കാലയളവ്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1	1/346 ബി, 10 ച.മീ	ബി.എസ്.എൻ.എൽ ടവർ	38,171	2017-18 മുതൽ 2023-24 വരെ	മൊബൈൽ ടെലഫോൺ ടവർ
2	2/246, 240 ച.മീ	ഡാന്റി ജോസഫ്	78,775	2013-14 മുതൽ 2023-24 വരെ	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ
3	5/214 A/UA, 208.34 ച.മീ	ജെസ്റ്റിൻ പോൾ	1,32,114	2021-22 മുതൽ 2023-24 വരെ	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ

4	9/510, 5 ച.മീ	ബി.എസ്.എൻ.എൽ ടവർ	12,758	2020-21 മുതൽ 2023-24 വരെ	മൊബൈൽ ടെലഫോൺ ടവർ

മേൽ തുകകൾ പിരിച്ചെടുക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/19.08.2024) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മിക്ക ഡെപ്പോസിറ്റ് ഹെഡുകളിലും 2017 മുതലുള്ള തുകകൾ ഉൾപ്പെട്ടുകാണുന്നു. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/07.09.2024) നടപ്പുവർഷം തന്നെ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക്- പലിശ ലഭ്യമാവാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന് എറണാകുളം ജില്ലാസഹകരണ ബാങ്ക് അങ്കമാലി ശാഖയിൽ (കേരള ബാങ്ക്) ചുവടെ ചേർക്കും പ്രകാരം രണ്ട് അക്കൗണ്ടുകളുണ്ട്.

അക്കൗണ്ട് നം	ഉദ്ദേശ്യം	മാർച്ച് 2024 ലെ നീക്കിയിരിപ്പ്	പഴയ അക്കൗണ്ട് നം
139912804000178	ദുരിതാശ്വാസനിധി	1,37,389	328100000022
139912804000035	തനതുഫണ്ട്	38,948	328100000003

മേൽ അക്കൗണ്ടുകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളായിരുന്നിട്ടും പലിശ വരവുള്ളതായി കണ്ടില്ല. മാർച്ച് 2023 ൽ 139912804000178 നമ്പർ അക്കൗണ്ടിലേക്ക് 27,068/-രൂപയും, 139912804000035 നമ്പർ അക്കൗണ്ടിലേക്ക് 8,243/- രൂപയും പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബാങ്ക് തന്നെ ആ തുക തിരിച്ചെടുത്തതായി കാണുന്നു. ദുരിതാശ്വാസനിധി, തനതുഫണ്ട് എന്നീ ആവശ്യങ്ങൾക്ക് തുടങ്ങിയ അക്കൗണ്ടുകൾ ആയിരുന്നിട്ടും, എസ്.ബി-ലോക്കൽ ബോഡീസ് പ്ലാൻ ഫണ്ട് എന്ന വിഭാഗത്തിലാണ് മേൽ അക്കൗണ്ടുകളെ ഉൾപ്പെടുത്തിക്കാണുന്നത്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം 03/05.09.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അക്കൗണ്ട് വിഭാഗം തെറ്റായി ഉൾപ്പെടുത്തിയത് മാറ്റിയെടുക്കേണ്ടതിനും, പഞ്ചായത്തിന് അർഹമായ പലിശ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിൽ പഴയ അക്കൗണ്ട് നമ്പറുകളാണ് ചേർത്തുകാണുന്നത്. പുതിയ നമ്പറുകൾ ചേർക്കേണ്ടതാണ്.

1-15 അധികമായി തുക നൽകി

1. വൗച്ചർ നമ്പർ 22300238/23.5.23 പ്രകാരം വാഹനത്തിന് ബാറ്ററി വാങ്ങിയ ഇനത്തിൽ 7200 രൂപ സീ ഡി ഏജൻസീസ് അങ്കമാലി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 193932/23.5.23). ഈ സ്ഥാപനത്തിന്റേതായി ഫയലിൽ ഉള്ള ഒരു ക്വട്ടേഷനിൽ 12 V 65 AH അമോറോൺ ബാറ്ററിക്ക് ആകെ വില 7200/- രൂപയാണ്. അതിൽ സ്ക്രാപ്പിന്റെ വില 1200/- രൂപ കിഴിച്ച് ബാക്കി 6000 രൂപയാണ് ബാറ്ററിയുടെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇൻവോയ്സ് നമ്പർ ഡി 305/16.3.23 പ്രകാരം സ്ക്രാപ്പിന്റെ വിലയായ 1200/- രൂപ കിഴിക്കാതെയുള്ള 7200/- രൂപയുടെ ഇൻവോയ്സ് ആണ് സ്ഥാപനം നൽകിയിരിക്കുന്നത്. പ്രസ്തുത തുക പഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. അധികമായി 1200/- രൂപ നൽകിയിട്ടുണ്ട്.

2. വൗച്ചർ നമ്പർ 22300570/19.8.23 (ചെക്ക് നമ്പർ 247980/19.8.23)പ്രകാരം ഹരിതകർമ്മസേനക്ക് 50 രസീത് ബുക്കുകൾ 100 രൂപ നിരക്കിൽ പ്രിന്റ് ചെയ്ത ഇനത്തിൽ ബെൻസ് പ്രിന്റേഴ്സ് കോക്കുന്ന് എന്ന സ്ഥാപനത്തിന് 5850/- രൂപ നൽകിയിട്ടുണ്ട്. ഒരു ബുക്കിന് 100/- രൂപ നിരക്കിൽ 50 ബുക്കിന് 5000/- രൂപയാണ് നൽകേണ്ടത്. സ്ഥാപനം നൽകിയിരിക്കുന്ന 043/14.6.23 നമ്പർ ഇൻവോയ്സിൽ 5000/- എന്നതിനു പകരം 5850/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ തുക തന്നെ പഞ്ചായത്തിൽനിന്നും സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. 850/- രൂപ അധികമായി നൽകിയിരിക്കുന്നു.

മേലപ്പറഞ്ഞ പ്രകാരം ബാറ്ററിക്ക് 1200/- രൂപയും പ്രിന്റിംഗിന് 850/- രൂപയും അധികമായി നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-16 വക്കീൽ ഫീ ഇനത്തിൽ അധിക തുക നൽകി

WPC No. 16100/2023 (ഫയലിംഗ് നമ്പർ - 16072/2023) കേസുമായി ബന്ധപ്പെട്ട വക്കീൽ ഫീ ഇനത്തിൽ വൗച്ചർ നമ്പർ 22300340/22.6.23 (ചെക്ക് നമ്പർ 247918/22.6.2023) പ്രകാരം 10000/- രൂപ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. സുധീഷ് കുമാറിന് ടിയാളുടെ കത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

1043 എതിർ കക്ഷികൾ ഉള്ള ഈ കേസിൽ 445 -മത്തെ എതിർ കക്ഷിയാണ് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്. ഈ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് 20.5.2023 - നാണ്. 24.5.2023 - ൽ ഈ കേസ് പരാതിക്കാരൻ തന്നെ പിൻവലിച്ചിട്ടുണ്ട്. 20.5.2023 - നും 24.5.2023 - നും ഇടയിൽ ഇത് സംബന്ധിച്ച് ഹിയറിംഗ് ഒന്നും തന്നെ നടന്നിട്ടില്ല. ഈ ദിവസങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് കോടതി നോട്ടീസ് അയക്കുകയോ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല.
മേൽപ്പറഞ്ഞ കേസിൽ സ്റ്റാൻഡിംഗ് കൗൺസൽ കോടതിയിൽ ഹാജരാവുക മാത്രമേ ചെയ്തിട്ടുള്ളൂ. ആയതിന് ആനുപാതികമായ തുകയാണ് നൽകാവുന്നത്. എന്നാൽ അതിൽ കൂടുതൽ തുക നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3 - ൽ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

1-17 മഴക്കാലപൂർവ്വ ശുചീകരണം - അപാകതകൾ

തദ്ദേശ സ്വയംഭരണ (ഡബ്ല്യു എം) വകുപ്പിന്റെ 8.3.24- ലെ WM3/38/2023-LSGD നമ്പർ ഉത്തരവ് പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിന് തനത് ഫണ്ടിൽ നിന്ന് 10000/- രൂപ, ശുചിത്വ മിഷൻ വിഹിതം 10000/- രൂപ, എൻ എച്ച് എം വിഹിതം 10000/- രൂപ എന്നിങ്ങനെ ആകെ 30000/- രൂപയാണ് ചെലവഴിക്കാവുന്നത്. ഇതിൽ ശുചിത്വ മിഷൻ വിഹിതം തുക ലഭിക്കുന്നത് മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.
മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി തൻവർഷം വാർഡ് മെംബർ ചെയർമാനായും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ കൺവീനർ ആയും ഉള്ള 14 വാർഡ് സാനിറ്റേഷൻ സമിതികളുടെ അക്കൗണ്ടുകളിലേക്ക് തനത് ഫണ്ടിൽനിന്നും 30000/- രൂപ വീതം താഴെപ്പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

ചെക്ക് നമ്പർ/ തീയതി	തുക
193896/29.4.23	280000
247927/30.6.23	140000

ഒരു വാർഡിന് തനത് ഫണ്ടിൽ നിന്ന് മാത്രമാണ് 30000/- രൂപ വീതം നൽകിയിട്ടുള്ളത്. ഇതു കൂടാതെ ഐ.സി.ഐ.സി.ഐ. ബാങ്ക് വഴി 5000/- രൂപ കൂടി അക്കൗണ്ടിൽ വന്നിട്ടുണ്ട്.

തൻവർഷം ഈ പഞ്ചായത്തിന് ശുചിത്വ മിഷൻ വിഹിതം തുക ലഭിച്ചിട്ടില്ല. മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തത് കൊണ്ടാണോ ഇതെന്ന് വ്യക്തമല്ല. ശുചിത്വ മിഷൻ

വിഹിതം തുക ലഭിക്കാത്തതിനാൽ തൻവർഷം തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്. എല്ലാ വാർഡുകളുടെയും അക്കൗണ്ടുകളിൽ 5000/- രൂപ വന്നിട്ടുള്ളത് എൻ എച്ച് എം വിഹിതമാണോയെന്ന് വ്യക്തമല്ല.

കുടുംബശ്രീ, എഡിഎസ്, സിഡിഎസ് അംഗങ്ങൾ, ആശാപ്രവർത്തകർ ഹരിതകർമ്മസേന മുതലായവരുടെ പങ്കാളിത്തം ശുചീകരണത്തിന് ഉപയോഗിക്കണം എന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ ഇവരെയൊന്നും ഉപയോഗിച്ചതായി കാണുന്നില്ല. പല വാർഡുകളിലും കാട്ടുവെട്ടൽ എന്ന പ്രവൃത്തിയാണ് കൂടുതലായി നടത്തിയിരിക്കുന്നത്.

വാർഡ് സാനിറ്റേഷൻ സമിതികളുടെ അക്കൗണ്ടുകളും ചെലവുകളുടെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഡ് I

വാർഡ് I – ൽ 6.5.23 മുതൽ 16.6.23 വരെ ആകെ 1389/- രൂപയുടെ പെട്രോളും 8700/- രൂപയുടെ ഡീസലും പി ജെ ഫ്യൂവൽസ് പറമ്പയം, ഹോളി ഫാമിലി ഫ്യൂവൽസ് പൂതംകുറ്റി എന്നീ സ്ഥാപനങ്ങളിൽനിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ ഒന്നിലും ഇന്ധനത്തിന്റെ അളവ് ചേർത്തിട്ടില്ല. ഒരു ബില്ലിലൊഴികെ ബാക്കി ഒന്നിലും നിരക്കും രേഖപ്പെടുത്തിയിട്ടില്ല.

ഓഗസ്റ്റ് മാസത്തിനു ശേഷം ചെലവുകളൊന്നും നടത്തിയിട്ടില്ല. ആകെ 36339/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുള്ളതിന്റെ ബില്ലുകൾ ഓഗസ്റ്റ് മാസം വരെയുള്ളതാണെങ്കിലും ചെലവ് നടത്തി മാസങ്ങൾ കഴിഞ്ഞ് 5.3.24 – ൽ ആണ് 6500/- രൂപ പിൻവലിച്ചിട്ടുള്ളത്.

2.വാർഡ് II

ആകെ 1350/- രൂപയുടെ പെട്രോളും 9400/- രൂപയുടെ ഡീസലും പി ജെ ഫ്യൂവൽസ് പറമ്പയം, ഹോളി ഫാമിലി ഫ്യൂവൽസ് പൂതംകുറ്റി എന്നീ സ്ഥാപനങ്ങളിൽനിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ ഒന്നിലും ഇന്ധനത്തിന്റെ അളവോ നിരക്കോ ചേർത്തിട്ടില്ല. ആകെ 36800/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുള്ളതിൽ ചെലവ് വൗച്ചറുകളുടെ തീയതി കഴിഞ്ഞ് നാളുകൾക്ക് ശേഷം അടുത്ത സാമ്പത്തിക വർഷത്തിൽ 4.4.24 – ൽ ആണ് ചെലവ് ചെയ്ത 6800/- രൂപ പിൻവലിച്ചിരിക്കുന്നത്.

3. വാർഡ് III

ആകെ ചെലവ് ചെയ്തതിൽ 5000/- രൂപ പിൻവലിച്ച്ത് മഴക്കാലം അവസാനിച്ച് 29.1.24 – ൽ ആണ്.

4. വാർഡ് IV

കുഴിപ്പറമ്പിൽ ഫ്യൂവൽസ് പാലിശ്ശേരി, കൃഷ്ണ പെട്രോളിയം അങ്കമാലി, എസ്സാർ ന്യൂ കൊച്ചി ഫ്യൂവൽസ് മാണിക്കമംഗലം എന്നീ സ്ഥാപനങ്ങളിൽനിന്നായി ആകെ 1200/- രൂപയുടെ പെട്രോളും 4500/- രൂപയുടെ ഡീസലും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ ഒന്നിലും ഇന്ധനത്തിന്റെ അളവോ നിരക്കോ ചേർത്തിട്ടില്ല.

5. വാർഡ് V

ആകെ 1600/- രൂപയുടെ പെട്രോളും 5600/- രൂപയുടെ ഡീസലും പി ജെ ഫ്യൂവൽസ് പറമ്പയം, ഹോളി ഫാമിലി ഫ്യൂവൽസ് പൂതംകുറ്റി എന്നീ സ്ഥാപനങ്ങളിൽനിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിൽ ഒന്നിലും ഇന്ധനത്തിന്റെ അളവോ നിരക്കോ ചേർത്തിട്ടില്ല.

6. വാർഡ് VI

ഇതിൽ 18.8.23 വരെയാണ് ചെലവിന്റെ വൗച്ചറുകൾ എങ്കിലും 16.11.23 വരെ അക്കൗണ്ടിൽ നിന്ന് തുകകൾ പിൻവലിച്ചിട്ടുണ്ട്.

7. വാർഡ് VII

26.3.24 – ൽ 6000/- രൂപ പിൻവലിച്ച് ചെലവ് ചെയ്തത് ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

8. വാർഡ് VIII

22.6.23 – ൽ 5000/- രൂപ പിൻവലിച്ച് ചെലവ് ചെയ്തത് ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.

9. വാർഡ് IX

ബാങ്ക് അക്കൗണ്ടിൽനിന്ന് തുകകൾ പിൻവലിച്ചത് മെയ്, ജൂൺ മാസങ്ങളിലാണെങ്കിലും ചെലവുകൾ ജനുവരി മാസം വരെ നടത്തിയിട്ടുണ്ട്.

10. വാർഡ് X

ഈ വാർഡിൽ മെയ്, ജൂൺ മാസങ്ങളിൽ തുകകൾ ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവുകൾ മഴക്കാലം അവസാനിച്ച് 2024 ഫെബ്രുവരി മാസം വരെ ചെയ്തതായി കാണുന്നു.

11. വാർഡ് XI

ഡിസംബർ മാസം വരെ തുക പിൻവലിച്ചിട്ടുണ്ട്. ഫോഗിംഗ്, സ്പ്രേയിംഗ് മുതലായ ചെലവുകൾ മഴക്കാലം അവസാനിച്ച് 2024 ജനുവരി മാസം വരെ ചെയ്തതായി കാണുന്നുണ്ട്. ഈ വാർഡിലും ഹോളി ഫാമിലി ഫ്യൂവൽസിൽ നിന്നുള്ള 500/- രൂപയുടെ പെട്രോളും 3823/- രൂപയുടെ ഡീസലും വാങ്ങിയതിന്റെ ബില്ലുകളിൽ അളവും നിരക്കും ചേർത്തിട്ടില്ല.

12. വാർഡ് XII

വാർഡ് XII – ൽ വൗച്ചറുകൾ പ്രകാരം ചെലവുകൾ നടത്തിയിരിക്കുന്നത് 20.9.23 വരെയാണ്. എന്നാൽ 21.12.23 വരെ ബാങ്ക് അക്കൗണ്ടിൽനിന്നുള്ള പിൻവലിക്കലുകൾ നടത്തിയിട്ടുണ്ട്. പി ജെ ഫ്യുവൽസ് ൽനിന്നും ഇന്ധനം വാങ്ങിയതിന്റെ ബില്ലിൽ അളവോ നിരക്കോ ചേർത്തിട്ടില്ല.

13. വാർഡ് XIII

ഈ വാർഡിൽ 5000/- രൂപ ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുള്ളത് 2024 ജനുവരി മാസത്തിൽ ആണ്.

14. വാർഡ് XIV

ഈ വാർഡിൽ 25000/- രൂപ (20000 + 5000) രണ്ട് ചെക്കുകളിലായി ആണ് പിൻവലിച്ചിരിക്കുന്നത്. ഈ തീയതികളിൽ വരെ ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം അപാകതകളുള്ള ചെലവ് രേഖകളാണ് ഫയലിൽ ഉള്ളത്. പല വാർഡുകളിലും ചെലവ് നടത്തിയതിന്റെ അനുബന്ധ ബില്ലുകൾ ഉണ്ടെങ്കിലും ചിലത് മഴക്കാലം അവസാനിച്ചതിനു ശേഷമുള്ളതാണ്. ചില വാർഡുകളിൽ ചെലവുകൾ നേരത്തേ നടത്തിയിട്ടുള്ളതായി രേഖകളുണ്ടെങ്കിലും തുകകൾ പിൻവലിച്ചിരിക്കുന്നത് മാസങ്ങൾക്കു ശേഷമാണ്. മറ്റ് ചിലതിൽ തുക നേരത്തേ പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവു രേഖകൾ മാസങ്ങൾ കഴിഞ്ഞ് വേനൽക്കാലം തുടങ്ങിയതിന് ശേഷമുള്ളതാണ്.

മഴക്കാലപൂർവ്വശുചീകരണം സംബന്ധിച്ച ഉത്തരവിലെ പ്രവർത്തന കലണ്ടർ പ്രകാരം വാർഡിനെ പൂർണ്ണമായും വൃത്തിയാക്കൽ (പൊതു ശുചീകരണം) എന്ന പ്രവൃത്തി പൂർത്തിയാക്കേണ്ടത് ഏപ്രിൽ 30 – നകം ആണ്. എന്നാൽ 10000/- രൂപയുടെ ഒരു ഗഡു തുക നൽകിയിരിക്കുന്നത് ഈ തീയതിക്ക് ശേഷം ജൂൺ മാസത്തിലാണ്.

മഴക്കാലപൂർവ്വശുചീകരണത്തിനായി തൻവർഷം ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടില്ല. ശുചിത്വ മിഷനിൽനിന്നും ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശുചിത്വ മിഷനിൽനിന്നും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അത് കൂടി തൽക്കാലം തനത് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതിനാൽ ആകെ 20000/- രൂപയാണ് ചെലവഴിക്കേണ്ടത് എന്നാൽ 30000/- രൂപ വീതം തനതു ഫണ്ടിൽ നിന്നും ഓരോ വാർഡുകൾക്കും നൽകിയിരിക്കുന്നതിനാൽ വാർഡ് തല സാനിറ്റേഷൻ സമിതിക്ക് 10000/- രൂപ വീതം അധികമായിട്ടാണ് നൽകിയിരിക്കുന്നത്. 31.3.23 -ലെ 3(1) നമ്പർ പ്രകാരം 280000/- രൂപയും 13.6.23-ലെ 14(21)നമ്പർ പ്രകാരം 140000/- രൂപയും തനതു ഫണ്ടിൽ നിന്നും സമിതികൾക്ക് നൽകിയിട്ടുള്ളത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പ്രകാരമാണ്. പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ തന്നെയാണ് വാർഡ് തല സാനിറ്റേഷൻ സമിതിയുടെ ചെയർമാൻമാർ

എന്നതിനാൽ സർക്കാർ നർദ്ദേശത്തിന് വിരുദ്ധമായി ഇപ്രകാരം അധിക തുക ചെലവഴിക്കാൻ തീരുമാനമെടുത്തത് അപാകതയാണ്. സർക്കാർ ഉത്തരവിനനുസരിച്ച് മാത്രം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രോജക്റ്റ് നം, പേര്	S 0081/24 പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് അടങ്കൽ	₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്) ₹25,000/-(തനതുഫണ്ട്)
ആകെ ചെലവഴിച്ച തുക	₹2,36,655/-(ബിൽ നം 291/13.12.2023)

പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് ചുവടെ കാണും വിധം കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങാൻ മേൽപ്രകാരം ₹ 2,36,655/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഇനം	എണ്ണം	ആകെ തുക (നികുതി ഉൾപ്പെടെ)	സപ്ലൈ നടത്തിയ സ്ഥാപനം
ഡെസ്ക് ടോപ്പ്- ഏസർ	4	₹2,19,556/-	ഐഡിയൽ കമ്പ്യൂട്ടിംഗ്, പാലക്കാട്
പ്രിന്റർ-എപ്സൺ	1	₹17,099/-	
ആകെ		₹2,36,655/-	

മേൽപ്രകാരമുള്ള വാങ്ങലുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 20/11.09.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഏത് രീതിയിലാണ് വാങ്ങൽ നടത്തിയതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലില്ല. ടെണ്ടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല.
വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് പരിശോധിക്കാൻ രേഖകൾ ലഭ്യമാക്കാത്തതിനാലും, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവുതുക ₹2,36,655/- തടസ്സപ്പെടുത്തുന്നു.

1-19 ഹരിതകർമ്മസേന മാലിന്യശേഖരണത്തിനുള്ള യൂസർ ഫീയിൽ നിന്നും ഇളവ് നൽകിയിരിക്കുന്ന വീട്ടുകൾക്ക് വേണ്ടിയുള്ള പ്രോജക്റ്റ് - അപാകതകൾ

പ്രോജക്ട് നമ്പർ	S0337/24,
പ്രോജക്റ്റിന്റെ പേര്	യൂസർ ഫീയിൽ നിന്നും ഇളവ് നൽകിയിരിക്കുന്ന വീട്ടുകൾക്ക് വേണ്ടിയുള്ള പ്രോജക്റ്റ്
ആകെ അടങ്കൽ	70,400/- (തനത് ഫണ്ട്)
ചെലവ് തുക, ബിൽ നമ്പർ	63,200/- (തനത് ഫണ്ട്) 536, 30.03.2024, 63200/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അതിദരിദ്രരും, ആശ്രയ വിഭാഗത്തിൽപ്പെട്ടതുമായ 158 വ്യക്തികളുടെ 8 മാസത്തെ മാലിന്യശേഖരണത്തിന് ഹരിതകർമ്മസേനയ്ക്കുള്ള യൂസർഫീയായ 63200/- രൂപ

ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (ഫെഡറൽ ബാങ്ക്, അക്കൗണ്ട് നമ്പർ 10470100238149). എന്നാൽ ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ട 107 ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ വാർഡ് 13ൽ താമസിക്കുന്ന ശ്രീമതി അമ്മിണി അയ്യപ്പൻ, വടക്കംഭാഗം എന്ന വ്യക്തി മരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പല വീടുകളിലും ആകെ ഒരു വ്യക്തി മാത്രം താമസിക്കുന്നതായി ലിസ്റ്റിൽ ഉണ്ട്. ടി വ്യക്തികൾ മരണപ്പെട്ടിട്ടുണ്ടോ, നിലവിൽ ടി കെട്ടിടങ്ങളിൽ ആളുകൾ താമസിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല.

2) അതിദരിദ്രരും, ആശ്രയ വിഭാഗത്തിൽ പെട്ട 158 വ്യക്തികളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമാണെങ്കിലും ഇവരുടെ വീടുതോറുമുള്ള പരിശോധന നടത്തിയതിനു ശേഷമാണോ ടി തുക കൈമാറിയിരിക്കുന്നതായുള്ള രേഖകൾ ലഭ്യമല്ല.

ഓഡിറ്റ് നിർദ്ദേശം

യൂസർ ഫീയിൽ നിന്നും അതിദരിദ്രരും, ആശ്രയ വിഭാഗത്തിൽ പെട്ടതുമായ വ്യക്തികളുടെ വീടുകൾക്ക് ഇളവ് നൽകുമ്പോൾ ആവശ്യമായ രേഖകൾ പരിശോധിച്ചോ/ഫീൽഡുതല പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചതിന് ശേഷമോ മാത്രം തുകകൾ കൈമാറേണ്ടതും ഫീൽഡുതല പരിശോധനാ റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണം ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 എസ്.എസ്.കെ യ്ക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0015/24,
പ്രോജക്റ്റിന്റെ പേര്	**എസ്.എസ്.കെ യ്ക്ക് വിഹിതം നൽകൽ**
ആകെ അടങ്കൽ	3,40,000/- (പൊതു വിഭാഗം - സാധാരണ വിഹിതം)
ചെലവ് തുക, ബിൽ നമ്പർ	3,40,000/- (പൊതു വിഭാഗം - സാധാരണ വിഹിതം) 20/ 25.05.2023, 3,40,000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

19.01.2022 തീയതിയിലെ സ.ഉ.(കൈ)നം.84/22/തസ്വഭവ പ്രകാരം എസ്.എസ്.കെയ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തേണ്ടതുണ്ട്. ബ്ലോക്ക് പ്രോജക്റ്റ് കോർഡിനേറ്ററുടെ 24.05.2023 തീയതിയിലെ കത്ത് പ്രകാരം 2023-24 വർഷത്തേക്ക് മൂക്കന്നൂർ പഞ്ചായത്തിൽ നിന്നും ജില്ലാ പ്രോജക്റ്റ് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 3,40,000/- രൂപ അടവാക്കാൻ ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ 25.05.2023 തീയതിയിലെ നടപടിക്രമം നമ്പർ എസ്.സി.2-2745/2023 പ്രകാരം ജില്ലാ പ്രോജക്റ്റ് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 3,40,000/- രൂപ നൽകുവാൻ ഉത്തരവാകുകയും 27.05.2023 തീയതിയിൽ ടി തുക എസ്.എസ്.കെ, എറണാകുളം എന്ന അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. എന്നാൽ നൽകിയ 3,40,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് 10.09.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 ന് മറുപടി ലഭ്യമാക്കിയില്ല. **വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 3,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

1-21 കേരളോത്സവം പ്രോജക്റ്റ് - അപാകതകൾ

പ്രോജക്ട് നമ്പർ	S0016/24,
പ്രോജക്റ്റിന്റെ പേര്	**കേരളോത്സവം ധനസഹായം**
ആകെ അടങ്കൽ	1,50,000/- (തനത് ഫണ്ട്)
ചെലവ് തുക, ബിൽ നമ്പർ	61,195/- (തനത് ഫണ്ട്) 230, 21.10.2023, 34,215/- 231, 21.10.2023, 17,550/- 298, 13.12.2023, 9,430/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കേരളോത്സവം നടത്തിപ്പിനായി മേൽ പ്രോജക്റ്റിൽ വന്നിട്ടുള്ള ആകെ ചെലവ് 61,195/- രൂപയാണ്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള 9430/- രൂപ (ബിൽ നമ്പർ - 298, 13.12.2023) ചെലവഴിച്ചിരിക്കുന്നത് ബ്രേക്ക്ഫാസ്റ്റ്, ചായ, ഊണ് എന്നിവയ്ക്കാണ്. 17.01.2023 തീയതിയിൽ ശ്രീ.പി.വി.അനിൽ എന്ന വ്യക്തിയ്ക്ക് 9430/- രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 395651, തീയതി 22.12.2023). എന്നാൽ പ്രസ്തുത ചെലവിന്റെ ബില്ലോ, രസീതോ ഒന്നും തന്നെ ഫയലിൽ ഇല്ല. ഭക്ഷണത്തിന്റെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയത്. പേപ്പറിന്റെ പകർപ്പ് മാത്രമാണ് ചെലവിന്റെ രേഖയായി ILGMS ൽ അപ് ലോഡ് ചെയ്തിട്ടുള്ളത്. പ്രസ്തുത അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് 11.09.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് മറുപടി ലഭ്യമാക്കിയില്ല. ഇത്തരം ചെലവുകൾ നടത്തുമ്പോൾ കടയുടെ പേര് അടങ്ങിയ ബില്ല്, രസീത് മുതലായ അധികാരിക രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-22 ഇൻഫർമേഷൻ കേരള മിഷന് തുക കൈമാറൽ പ്രോജക്റ്റ് – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നമ്പർ	S0013/24,
പ്രോജക്റ്റിന്റെ പേര്	**ഇൻഫർമേഷൻ കേരള മിഷന് തുക കൈമാറൽ**
ആകെ അടങ്കൽ	58,093/- (പൊതു വിഭാഗം - സാധാരണ വിഹിതം)
ചെലവ് തുക, ബിൽ നമ്പർ	58,093/- (പൊതു വിഭാഗം - സാധാരണ വിഹിതം) 181, 04.09.2023, 58,093/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ പ്രോജക്റ്റിൽ വന്നിട്ടുള്ള ആകെ ചെലവ് 58,093/- രൂപയാണ്. കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, ഇൻഫർമേഷൻ കേരള മിഷന്റെ 09.03.2023 തീയതിയിലെ കത്ത് പ്രകാരം മൂക്കന്നൂർ പഞ്ചായത്തിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് 58,093/- രൂപ അടവാക്കാൻ നിശ്ചയിച്ച് നൽകിയിരുന്നു. എന്നാൽ ടി തുക ഇൻഫർമേഷൻ കേരള മിഷന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായുള്ള രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ടി തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, വിനിയോഗ സാക്ഷ്യപത്രവും തുക നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് 11.09.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 58,093/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് – ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	S0037/24,
പ്രോജക്റ്റിന്റെ പേര്	ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് വാങ്ങൽ
ആകെ അടങ്കൽ	1,00,000/- (പൊതു വിഭാഗം - സാധാരണ വിഹിതം)
ചെലവ് തുക, ബിൽ നമ്പർ	1,00,000/- (പൊതു വിഭാഗം - സാധാരണ വിഹിതം) 21, 25.05.2023, 1,00,000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം 1,00,000/- രൂപ സി.ഡി.എസിന്റെ എസ്.ബി.ഐ മൂക്കന്നൂർ ബ്രാഞ്ച്

അക്കൌണ്ട് നമ്പർ 38654062393 ലേക്ക് 27.05.2023 തീയതിയിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. ടി തുക സി.ഡി.എസ് മരുന്ന് വാങ്ങുന്നതിനായി പി.എച്ച്.സിയ്ക്ക് 6 തവണകളായി 80,000/- രൂപ കൈമാറിയിട്ടുണ്ട്. പി.എച്ച്.സി യുടെ ക്യാഷ് ബുക്ക്, മരുന്ന് വാങ്ങിയ ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ സി.ഡി.എസിനു കൈമാറിയ 1,00,000/- രൂപയിൽ 20,000/- രൂപ ചെലവഴിച്ചിട്ടില്ല. 1,00,000/- കൈമാറിയിരുന്നെങ്കിലും തുക ചിലവഴിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങുന്നതിനായി ലക്ഷ്യം വച്ചുള്ള പ്രസ്തുത പ്രോജക്റ്റിൽ തുക കൈമാറുന്നതല്ലാതെ പ്രസ്തുത ഗുണഭോക്താക്കൾക്ക് മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്നും, കൈമാറിയ തുകകൾ പൂർണമായി വിനിയോഗിച്ചിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ വിലയിരുത്തിയിട്ടില്ല. നിരാലംബരും, രോഗികളുമായവർക്ക് മരുന്ന് എത്തിച്ചുകൊടുക്കാനുള്ള സംവിധാനം സി.ഡി.എസ്.ന് ഉണ്ടോയെന്ന് വ്യക്തമല്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നിർവ്വഹണം സി.ഡി.എസ്.നെ ഏൽപ്പിച്ചതിന്റെ കാരണവും വ്യക്തമല്ല.

ഓഡിറ്റ് നിർദ്ദേശം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതിയുടെ അടങ്കൽ തുക സി.ഡി.എസ്.ന് കൈമാറുക മാത്രമാണ് ചെയ്തത്. സി.ഡി.എസ്. തുക പി.എച്ച്.സി.യ്ക്ക് കൈമാറി. പി.എച്ച്.സി. 80000/-രൂപയ്ക്കുള്ള മരുന്ന് വാങ്ങിയെങ്കിലും, അത് പ്രത്യേക സ്റ്റോക്കിൽ ചേർത്ത് അത് ആശ്രയ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെട്ടോയെന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല. നിരാലംബരും രോഗികളുമായ ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്ന് എത്തിച്ച് കൊടുക്കാനുള്ള സംവിധാനം എന്ന നിലയിൽ സി.ഡി.എസ്. അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിലെ ആശാവർക്കർ എന്നിവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. മരുന്ന് വാങ്ങൽ പോലുള്ള പദ്ധതിയുടെ നിർവ്വഹണത്തിന് ആ മേഖലയിലെ വിദഗ്ധരെ ഏൽപ്പിക്കുന്നതിന് പകരം, സെക്രട്ടറി സി.ഡി.എസ്.ലൂടെ പി.എച്ച്.സി. വഴി പദ്ധതി നിർവ്വഹണം നടത്തിയത് ഉചിതമായില്ല.

പദ്ധതി പണം വിനിയോഗിക്കുക എന്നത് പോലെ തന്നെ പ്രധാനമാണ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി, അർഹരായവർക്ക് പ്രയോജനപ്പെടുക എന്നത്. പദ്ധതി ഫലപ്രദമായോയെന്ന് മോണിട്ടറിംഗ് സമിതിയും വിലയിരുത്തിയിട്ടില്ല.

പ്രോജക്റ്റിൽ ചെലവഴിക്കാത്തതും സി.ഡി.എസിന്റെ അക്കൌണ്ടിലുള്ളതുമായ 20,000/- രൂപ ചിലവഴിച്ച് ആശ്രയ ഗുണഭോക്താക്കൾക്ക് മരുന്ന് വാങ്ങുവാൻ വേണ്ട അടിയന്തിര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും കൈമാറുന്ന തുകകൾ പൂർണമായും വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.09.24) മറുപടി ലഭിച്ചില്ല.

1-24 പ്രോജക്റ്റർ വാങ്ങുന്നതിനായുള്ള പ്രോജക്റ്റിലെ അപാകതകൾ

പ്രോജക്ട് നമ്പർ	S0334/24,
പ്രോജക്റ്റിന്റെ പേര്	ഗ്രാമപഞ്ചായത്ത് ഹാളിൽ എയർ കണ്ടീഷനും പ്രോജക്റ്ററും അനുബന്ധ സാമഗ്രികളും സ്ഥാപിക്കൽ
ആകെ അടങ്കൽ	2,30,000/- (തനത് ഫണ്ട്)
ചെലവ് തുക, ബിൽ നമ്പർ	74,425/- (തനത് ഫണ്ട്) 467, 25.03.2024, 6,426/- 408, 14.03.2024, 67999/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്റ്റിൽ വന്നിട്ടുള്ള ആകെ ചെലവ് 74,425/- രൂപയാണ്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള 67,999/- രൂപ (ബിൽ നമ്പർ - 408, 14.03.2024, ചെക്ക് നമ്പർ, തീയതി - 395702/21.03.2024)

ചെലവഴിച്ചിരിക്കുന്നത് പ്രോജക്ടർ (ACER Model No.X1223HP, 43,999/- രൂപ), 120 Inch സ്ക്രീൻ (Unbranded Motorized Screen, 24,000/- രൂപ) എന്നിവ വാങ്ങുന്നതിനുമായാണ്. ജെം വഴിയാണ് പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് (വാങ്ങിയ സ്ഥാപനത്തിന്റെ പേര് – ഐഡിയൽ കംപ്യൂട്ടിംഗ്, പാലക്കാട്). ജെമിന്റെ താരതമ്യപട്ടിക പരിശോധിച്ചതിൽ 1,00,000/- വില വരുന്ന 3 പ്രോജക്ടറുകളുമായാണ് വാങ്ങിയിട്ടുള്ള പ്രോജക്ടറെ താരതമ്യം ചെയ്തിരിക്കുന്നത്. 'ജെം' വെബ് സൈറ്റ് പരിശോധിച്ചതിൽ വാങ്ങിയിരിക്കുന്ന പ്രോജക്ടറിന്റെ അതേ സ്പെസിഫിക്കേഷൻ ഉള്ളതും എന്നാൽ വില കുറവുമുള്ള പ്രമുഖ ബ്രാന്റഡ് കമ്പനികളുടെ പ്രോജക്ടറുകൾ ഉള്ളതായി കണ്ടു. മാത്രമല്ല ഈ വെബ് സൈറ്റിൽ 120 ഇഞ്ച് മോട്ടോറൈസ്ഡ് പ്രോജക്ടർ സ്ക്രീനുകൾ ഇതിലും വില കുറവിൽ ആ കാലയളവിൽ ഉണ്ടായിരുന്നു. വില കുറഞ്ഞതും അതേ സ്പെസിഫിക്കേഷനിലും ഉള്ള ഉത്പന്നങ്ങൾ ജെമിൽ ഉണ്ടായിരിന്നു എന്നിരിക്കെ ഉയർന്ന വില കൂടിയവ വാങ്ങിയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 11.09.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 23/11.09.2024) മറുപടി ലഭ്യമാക്കിയില്ല.

ഒരേ സ്പെസിഫിക്കേഷനിലുള്ള വില കുറഞ്ഞതായ പ്രമുഖ ബ്രാന്റഡ് കമ്പനികളുടെ പ്രോജക്ടറുകൾ ജെമ്മിൽ ഉണ്ടായിരുന്നു എന്നിരിക്കെ വില കൂടിയ പ്രോജക്ടർ തെരെഞ്ഞെടുത്തത് ന്യായികരിക്കാനാവില്ല. വളരെ വിലകൂടിയ 120 ഇഞ്ച് മോട്ടോറൈസ്ഡ് പ്രോജക്ടർ സ്ക്രീൻ വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല. 120 ഇഞ്ച് പ്രോജക്ടർ സ്ക്രീനുകൾ ഓട്ടോലോക്ക്, മാനുവൽ എന്നീ സ്പെസിഫിക്കേഷനിൽ മോട്ടോറൈസ്ഡ് പ്രോജക്ടർ സ്ക്രീനിലും വളരെയധികം വില കുറവിൽ ജെമ്മിലും, വിവിധ പ്രോജക്ടറുകൾ വിൽക്കുന്ന സ്ഥാപനങ്ങളിലും ഉണ്ടെന്നിരിക്കെ ആവശ്യമായ ഫീച്ചറുകൾ ഉള്ളതിനേക്കാൾ കൂടിയ സ്പെസിഫിക്കേഷനുള്ള വില കൂടിയവ വാങ്ങിയത് അംഗീകരിക്കാനാവില്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ വിവിധ ബ്രാന്റുകളുടെ വില, സ്പെസിഫിക്കേഷൻ, ഉപകരണത്തിന്റെ ഉപയോഗം എന്നിവ പരിഗണിച്ച് മാത്രം വാങ്ങേണ്ടതാണ്.

1-25 ശാന്തിവനം പൊതുശ്മശാനം ഫർണ്ണസിന് 3 വർഷത്തേക്ക് എ.എം.സി ഏർപ്പെടുത്തൽ.- അപാകതകൾ

പ്രോജക്റ്റ് നം, പേര്	S 163/24 ശാന്തിവനം പൊതുശ്മശാനം ഫർണ്ണസിന് 3 വർഷത്തേക്ക് എ.എം.സി ഏർപ്പെടുത്തൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് അടങ്കൽതുക	₹5,85,000/- (സി.എഫ്.സി -ടൈഡ് ഗ്രാന്റ്)
ചെലവഴിച്ച തുക	₹5,26,500/-(ബിൽനം 501/27.03.2024) ₹58,500/-(ബിൽനം 522/30.03.2024)

പഞ്ചായത്ത് കോസ്റ്റ് ഫോർഡ് മുഖേനയാണ് ശാന്തിവനം ആധുനിക വാതക ശ്മശാനം സ്ഥാപിച്ചിട്ടുള്ളത്. ശ്മശാനം 16.11.2019 ൽ ഉദ്ഘാടനം ചെയ്യുകയും നിലവിൽ നല്ലരീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ശുചിത്വമിഷന്റെ അംഗീകൃത സേവനദാതാവായ ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് പാനായിക്കുളം, ആലുവ എന്ന സ്ഥാപനമാണ് കോസ്റ്റ് ഫോർഡുമായി കരാറിലേർപ്പെട്ട് ഇതിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്.

പഞ്ചായത്തും കോസ്റ്റ് ഫോർഡുമായുള്ള കരാർ കാലാവധി കഴിഞ്ഞതിനാൽ ശ്മശാനത്തിന്റെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് പഞ്ചായത്തിന് 03.02.2023 ന് കത്ത് നൽകിക്കാണുന്നു. ഒരു വർഷത്തേക്ക് ₹2,00,000/- . മൂന്നു വർഷത്തേക്ക് ₹5,85,000/-എന്നീ നിരക്കുകളാണ് സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളത്. അതനുസരിച്ചാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ച് ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിനു മുന്നുവർഷത്തേക്കുള്ള തുകയായ ₹5,85,000/- ആ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

എന്നാൽ പ്രോജക്റ്റ് ഫയലിൽ ചെലവിന് ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. സ്ഥാപനവുമായി

കരാറിൽ ഏർപ്പെടാതെയും, എ.എം.സി നൽകാനുള്ള കമ്മിറ്റി തീരുമാനമില്ലാതെയുമാണ് സ്ഥാപനം ആവശ്യപ്പെട്ട മുഴുവൻ തുകയും കൊടുത്തിരിക്കുന്നത്. കരാറില്ലാത്തതിനാൽ എന്നുവരെയാണ് എ.എം.സി ബാധകമാവുക എന്നതിൽ വ്യക്തതയില്ല. ശ്മശാനനിർമ്മാണത്തിന് പഞ്ചായത്ത് കോസ്റ്റ് ഫോർഡ് മായി വച്ച കരാറിന്റെ കാലാവധി എന്നുവരെയായിരുന്നുവെന്നതിലും വ്യക്തതയില്ല.

കൂടാതെ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.11.2022 ലെ 2537/C4/2021/SM നമ്പർ നടപടിക്രമം പ്രകാരം ശ്മശാനനിർമ്മാണവുമായി ബന്ധപ്പെട്ട ശുചിത്വമിഷന്റെ അംഗീകൃത സേവനദാതാക്കളുടെ കാലാവധി 31.03.2025 വരെയാണ്. അതനുസരിച്ച് ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 31.03.2025 വരെ മാത്രമേ അംഗീകാരമുണ്ടാവുകയുള്ളൂ. അതിനുശേഷം അംഗീകാരം പുതുക്കിയോ എന്നതിൽ വ്യക്തത ഇല്ലാത്ത സാഹചര്യത്തിലാണ് മേൽ പ്രോജക്ട് പ്രകാരം മൂന്ന് വർഷത്തേക്ക് എ.എം.സി. എടുത്തിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18/11.09.2024) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്റ്റുമായി ബന്ധപ്പെട്ട മേൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവുതുക ₹5,85,000/- തടസ്സപ്പെടുത്തുന്നു.

1-26 താബോർ കുടിവെള്ള പദ്ധതി ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കലും കുളം ശുദ്ധീകരണവും-പ്രോജക്ട് അപാകതകൾ

പ്രോജക്റ്റ് നം, പേര്	S 276/24 – താബോർ കുടിവെള്ള പദ്ധതി ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കലും കുളം ശുദ്ധീകരണവും
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് അടങ്കൽ	₹3,44,020/- (വികസനഫണ്ട്-ജനറൽ)
ചെലവഴിച്ച തുക	₹3,44,020/-(വൗച്ചർ നം 42301491/25.05.2023)

പഞ്ചായത്തിലെ താബോർ കുടിവെള്ള പദ്ധതിക്ക് ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കലും കുളം ശുദ്ധീകരണവും എന്ന പ്രോജക്റ്റിനായി കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ആലുവ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ₹ 13,50,000/-ആണ് അടങ്കൽ. മുൻവർഷം അടവാക്കിയ തുകയുടെ ബാലൻസ് അടവാക്കുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ചുവടെ ചേർക്കുന്ന പ്രകാരം ആകെ ₹13,50,000/-യും ഇതിനകം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം	തുക(₹)	തുക നൽകിയതിന്റെ വിശദാംശങ്ങൾ	ഫണ്ടിനം
272/23	5,43,500	PFMS No 12302333074/11.01.2023	സി.എഫ്.സി.-ടൈഡ് ഗ്രാന്റ്
273/23	1,20,000	PFMS No 12302341990/11.01.2023	സി.എഫ്.സി.-ടൈഡ് ഗ്രാന്റ്
281/23	3,42,480	PFMS No 12307372833/ 02.02.2023	സി.എഫ്.സി.-ടൈഡ് ഗ്രാന്റ്
276/24	3,44,020	UTR No RBI1492375159401/ 27.05.2023	വികസനഫണ്ട്-ജനറൽ
ആകെ	13,50,000		

വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ 11.02% സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും 10% മാത്രമാണ് സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നത്. അതു പരിഗണിക്കാതെ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട മുഴുവൻ തുകയും അടവാക്കുക വഴി ചുവടെ ചേർക്കും പ്രകാരം ₹10,352.15/-യുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

എസ്റ്റിമേറ്റ് തുക	1014916.48
സെന്റേജ് ചാർജ്ജ് 11.02 % Of 1014916.48	111843.80
പബ്ലിസിറ്റി ചാർജ്ജ്	7500.00
GST 18% Of 1014916.48	182684.97

Lump Sum	33054.75
ആകെ	**13,50,000/-**

ഇതിൽ സെന്റേജ് ചാർജ്ജ് 10% കണക്കാക്കിയാൽ തുക 10% Of 1014916.48 = 10,1491.65/-

അധികച്ചെലവ് = 111843.80 - 10,1491.65 = ₹10,352.15/-.

തൻവർഷത്തെ ചെലവുതുകയായ ₹3,44,020/- 25010202-വാട്ടർ കൺസർവേഷൻ എന്ന ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത്. വാട്ടർ അതോറിറ്റിയിൽ നിക്ഷേപപ്രവൃത്തിക്കുള്ള തുക 460500201-Advance To Implementing Agencies-Deposit With KWA എന്ന ശീർഷകത്തിലാണ് ചേർക്കേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രമേ ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്താവൂ. മേൽപ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും, സെന്റേജ് ചാർജ്ജ് അധികം നൽകിയതിന് വിശദീകരണം ചോദിച്ചുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/10.09.2024) മറുപടി ലഭ്യമാക്കിയില്ല.

സെന്റേജ് ചാർജ്ജ് അധികം നൽകിയത് ക്രമീകരിക്കേണ്ടതും, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. അതുവരെ തൻവർഷ ചെലവുതുകയായ ₹3,44,020/- തടസ്സപ്പെടുത്തുന്നു.

1-27 താബോർ-ശാസ്താംപാറ റോഡ് നിർമ്മാണം-പൊട്ടിച്ചെടുത്ത പാറം ലേലം ചെയ്തില്ല.

2023-24 വാർഷിക പദ്ധതിൽപ്പെടുത്തി അംഗീകാരം ലഭിച്ച, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വാർഡ് 1 താബോർ-ശാസ്താംപാറ റോഡ് നിർമ്മാണം (പ്രോജക്റ്റ് നം 206/24) എന്ന പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച 9.463 M^3 ഓർഡിനറി റോക്ക് (മട്ടിപ്പാറ) ലേലം ചെയ്ത് നീക്കുന്നതിന് 29.11.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. പാറ ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/09.09.2024) പാറ ലേലം നടത്താൻ സാധിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. വലിയ വലിപ്പത്തിലുള്ള പാറക്കഷണങ്ങളായതിനാലും, പ്രവൃത്തിസ്ഥലം ഉയർന്ന പ്രദേശത്തായതിനാലും താഴെ കൊണ്ടുവന്ന് അട്ടിയിടാൻ സാധിക്കാത്ത സാഹചര്യമാണെന്നും, കൂടാതെ പൊട്ടിച്ചെടുത്ത പാറയുടെ കസ്റ്റോഡിയൻ അസിസ്റ്റന്റ് എഞ്ചിനീയർ അല്ലാത്തതിനാൽ ലേലനടപടികൾ സ്വീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് അടവാക്കിയില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ മൂക്കന്നൂർ ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്(നം 37109781283). ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ പേരിൽ അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശമുണ്ടായിരുന്നു. ടെണ്ടർ ഫീ വരവല്ലാതെ മറ്റ് പണമിടപാടുകൾ ഈ അക്കൗണ്ടിൽ പാടില്ലാത്തതാണ്. എന്നാൽ മേൽപ്പറഞ്ഞ അക്കൗണ്ടിന്റെ ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെയുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മറ്റ് പണമിടപാടുകളും നടന്നിട്ടുള്ളതായി കണ്ടു. 30/3/24 തീയതിയിൽ ഇതിലെ നീക്കിയിരിപ്പ് 3,72,423.64 രൂപയാണ്. ഇ ടെണ്ടർ സൈറ്റിൽ നിന്നും 1/4/23 മുതൽ 31/3/24 വരെ ടെണ്ടർ ഫീ ലഭിച്ചതിന്റെ കണക്കുകൾ പ്രകാരം ടെണ്ടർഫീ വരവ് ₹1,13,890/-ആണ്. ഇ-ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്തിന് തൻവർഷം കൈമാറിയിട്ടില്ല.

അക്കൗണ്ട് സൂക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/05.09.2024) ഇ ടെണ്ടർഫീ ഉടൻ പഞ്ചായത്തിന് കൈമാറുന്നതാണെന്ന് അറിയിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ മറ്റ് അക്കൗണ്ട് ഇല്ലാത്തതിനാൽ പഞ്ചായത്ത് നൽകുന്ന കണ്ടിജന്റ് ചെലവുകൾക്കുള്ള തുകയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ക്ലർക്കിന്റെ വേതനവും ഈ അക്കൗണ്ടിലൂടെയാണ് നടത്തിയതെന്നും അറിയിച്ചു.

ഇ-ടെണ്ടർ ഫീ അക്കൗണ്ടുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. ക്ലർക്കിന്റെ

വേതനം നേരിട്ട് അക്കൗണ്ടിലൂടെ നൽകേണ്ടതാണ്. കറന്റ് അക്കൗണ്ടിന് പലിശ ലഭിക്കാത്തതിനാൽ ലഭിക്കുന്ന ടെണ്ടർഫീ സമയബന്ധിതമായി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടതാണ്. മേൽ അക്കൗണ്ടിലെ നീക്കിയിരിപ്പുതുക ഏതൊക്കെ ഇനങ്ങളിലുള്ളതാണെന്ന് പരിശോധിച്ച് വ്യക്തത വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-29 വനിത ഗ്രൂപ്പ് സ്വയം തൊഴിൽ സംരഭകർക്ക് സബ്സിഡി നൽകൽ പദ്ധതി - അപാകതകൾ

പ്രോജക്ട്	വനിത ഗ്രൂപ്പ് സ്വയം തൊഴിൽ സംരഭകർക്ക് സബ്സിഡി – 152/2023-24
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	₹375000/- (വികസന ഫണ്ട്)
ചെലവ് വിവരം	₹375000/-(ബി.ആർ.എൻ - 2311095201670153 4010, തീയതി. 25.03.2024)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷത്തിൽ 152-ാം നമ്പർ പ്രോജക്ടായി സ്വയം തൊഴിൽ (വനിതകളുടെ മാത്രം) ഗ്രൂപ്പ് സംരഭകർക്ക് എന്ന പദ്ധതി പ്രകാരം 375000/- രൂപ സബ്സിഡിയായി പി.കെ.വി.പ്രിൻസ് ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

14-ാം സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതിയിൽ 2ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, അംഗങ്ങളുടെ കുറഞ്ഞ പ്രായം 18ഉം കൂടിയ പ്രായം 59ഉം ആയിരിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾ തൊഴിൽ രഹിതരായിരിക്കേണ്ടതാണ്. മൂലധനത്തിനായി വായ്പ ഉൾപ്പടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. വായ്പ ബന്ധിതമെങ്കിൽ, വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിൻെറ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.

ശ്രീമതി സൗമ്യ ചന്ദ്രൻ, ശ്രീമതി ശാന്ത വേലായുധൻ എന്നിങ്ങനെ രണ്ട് പേരാണ് ഈ സ്ഥാപനത്തിൻെറ പാർട്ണർമാർ.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.
രേഖകൾ പരിശോധിച്ചതിൽ കേരള ഗ്രാമീൺ ബാങ്ക് മാനേജരുടെ 22.12.2023 തിയ്യതിയിലെ കത്ത് പ്രകാരം ആകെ 5,00,000/- രൂപ വായ്പ നൽകിയതായും, ശ്രീമതി സൗമ്യ ചന്ദ്രൻ, ശ്രീമതി ശാന്ത വേലായുധൻ എന്നിങ്ങനെ രണ്ട് പാർട്ണർമാരാണ് ഉള്ളതെന്നും 375000/- രൂപ നൽകിയത് 68015334000124 എന്ന ലോൺ അക്കൗണ്ടിലേക്കും 125000/- രൂപ നൽകിയത് 68015363000924 എന്ന അക്കൗണ്ടിലേക്കുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത് ലോൺ തുക ഒരു അക്കൗണ്ടിലും സബ്സിഡിതുക മറ്റൊരു അക്കൗണ്ടിലുമായിട്ടാണ് നൽകിയിരിക്കുന്നത്.

1.ഒരേ കുടുംബത്തിലെ അഗങ്ങൾ ചേർന്ന് രൂപീകരിച്ച ഗ്രൂപ്പിന് ആനുകൂല്യം നൽകി

പി.കെ.വി.പ്രിൻസ് ഫുഡ് പ്രോഡക്ട്സ്, എന്ന സ്ഥാപനം മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിലെ, ആഴകം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു പപ്പട നിർമ്മാണ യൂണിറ്റാണ്. പ്രസ്തുത ഗ്രൂപ്പ് പദ്ധതിയിൽ (1) സൗമ്യ ചന്ദ്രൻ (2) ശാന്ത വേലായുധൻ എന്നീ 2 അംഗങ്ങളാണ് ഉള്ളത്. ഇരുവരുടെയും മേൽ വിലാസം കുന്നംപുറത്ത്, ആഴകം എന്നാണ്. അപേക്ഷകരിൽ ഒരാളായ ശാന്ത വേലായുധന്റെ പേരിൽ 15.03.2017 ൽ അനുവദിച്ച 1736072095 നമ്പർ റേഷൻ കാർഡ് പ്രകാരം സൗമ്യ പ്രവീൺകുമാർ എന്ന വ്യക്തി ശാന്ത വേലായുധൻെറ മകൻ പ്രവീൺകുമാറിൻെറ ഭാര്യ ആണ്. ആയതിൽ നിന്നും ഒരു വീട്ടിലെ അംഗങ്ങൾ തന്നെയാണ് ഇരുവരും എന്നാണ് വ്യക്തമാകുന്നത്. ഒരേ കുടുംബത്തിലെ അംഗങ്ങൾ രൂപീകരിച്ച ഗ്രൂപ്പിനാണ് സബ്സിഡി നൽകിയിരിക്കുന്നത്
EB 889121, EB 889122 എന്നീ നമ്പർ ആയുള്ള മുദ്രപ്പത്രങ്ങളിൽ 1.12.2023 – ൽ തയ്യാറാക്കിയ, മാസം 15000/- രൂപ നിരക്കിലുള്ള വാടക കരാർ പ്രകാരം ഒന്നാം കക്ഷികൾ ആഴകം കുന്നംപുറത്ത് വീട്ടിൽ വേലായുധൻ ഭാര്യ ശാന്ത വേലായുധൻ, മക്കൾ പ്രവീൺകുമാർ, പ്രമോദ് കുമാർ എന്നിവരാണ്. രണ്ടാം കക്ഷികൾ ആഴകം കുന്നംപുറത്ത് വീട്ടിൽ സൗമ്യ ചന്ദ്രൻ, ശാന്ത വേലായുധൻ എന്നിവരാണ്. ശ്രീമതി ശാന്ത വേലായുധൻ ഒന്നാം കക്ഷികളിലും, രണ്ടാം കക്ഷികളിലും ഉൾപ്പെട്ടിട്ടുണ്ട്. അതായത് ഒരു വീട്ടിലെ

ആളുകൾ തന്നെയാണ് കരാറിലെ ഇരു കക്ഷികളും.

ഇതിൽനിന്നും സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഒരു വീട്ടുകാർക്കു മാത്രം ആനുകൂല്യങ്ങൾ നൽകുകയാണ് ചെയ്തിരിക്കുന്നത് എന്നതാണ് വ്യക്തമാകുന്നത്. ആധാർ കാർഡ് പ്രകാരം ശ്രീമതി ശാന്ത വേലായുധൻ 1962ലാണ് ജനിച്ചത്. ആയത് പ്രകാരം ടിയാരിക്ക് ഏകദേശം 61 വയസ്സുണ്ട്. സബ്സിഡി അനുവദിക്കാവുന്ന പ്രായപരിധിയായ 59 വയസ്സ് കഴിഞ്ഞ ആളാണ് ശ്രീമതി ശാന്ത വേലായുധൻ. 2023-24ലെ വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ എന്നതിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 22 പേരുണ്ട്. അവരെയൊന്നും പരിഗണിക്കാതെ ഒരു കുടുംബത്തിനു മാത്രമായിട്ടാണ് ഗ്രൂപ്പ് പദ്ധതിയുടെ ആനുകൂല്യം നൽകിയിരിക്കുന്നത്.

2. നിലവിലുള്ള സ്ഥാപനത്തിന് സബ്സിഡി നൽകി

കുടുംബശ്രീ സൂക്ഷ്മ സംരംഭ രജിസ്റ്റർ പ്രകാരം പ്രിൻസ് പപ്പട നിർമാണ സ്ഥാപനം 20.01.2016 തീയതിയിൽ ആരംഭിച്ചിട്ടുള്ളതും, സൂക്ഷ്മ സംരംഭമായി കുടുംബശ്രീയിൽ 30.11.2018 തീയതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. സ്ഥാപനത്തിന്റെ കുടുംബശ്രീ സൂക്ഷ്മ സംരഭക രജിസ്റ്റർ യു.ഐ.ഡി – ഇ.ആർ/059 /11/02 നമ്പറായി നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സ്ഥാപനമാണ്. ആയതിന്റെ പ്രവർത്തനത്തിന് മെഷിനറി ആവശ്യമില്ല എന്ന് പേനകൊണ്ട് പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തിനാണ് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള തുക നൽകിയിരിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പുതിയതായി ഒരു സംരംഭം തുടങ്ങുന്നതിന് നൽകേണ്ട സബ്സിഡി നിലവിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒരു സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഉണ്ടാക്കിയ പപ്പടം ഉണക്കുന്നതിനുള്ള മെഷീൻ ആണ് വാങ്ങിയിരിക്കുന്നത്. ഇതിൽ നിന്നു തന്നെ നേരത്തേ പപ്പടം നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്.

3.മെഷിനറിയുടെ വിലയുടെ 75%ത്തേക്കാൾ അധിക തുക സബ്സിഡി നൽകി- 56400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ സ്ഥാപനത്തിന്റെ പ്രോജക്ട് റിപ്പോർട്ടിൽ പ്രോജക്ട് കോസ്റ്റ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 500000/- രൂപയാണ്. ഈ സ്ഥാപനം ശ്രീ ആഞ്ജനേയ എൻജിനീയറിംഗ്, ചന്ദ്ര നഗർ കോളനി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് 24" കൺവേയർ അപ്പളം ഡ്രയർ മെഷീൻ, 424800/- രൂപക്ക് (360000 രൂപ + ജിഎസ് ടി 32400രൂപ+ജി.എസ് ടി 32400 രൂപ) വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ ഉണ്ട്. മെഷീനിന്റെ പ്രവർത്തന മാനുവൽ, സ്പെസിഫിക്കേഷൻ, വാറന്റി കാലാവധി എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഇൻവോയ്സിന്റെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. മറ്റു യാതൊരു ചെലവുകളുടെയും രേഖകൾ ഫയലിൽ ഇല്ല. 4,24,800/- രൂപയുടെ ചെലവിന് നൽകാവുന്നത് 75% സബ്സിഡിയായ 318600 രൂപയാണ്. എന്നാൽ 375000/- രൂപ നൽകിയിരിക്കുന്നു. 56400/- രൂപ അധികമാണ് നൽകിയിരിക്കുന്നത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 11.09.2024 തീയ്യതിയിൽ നൽകിയ 21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളിൽ മെഷീൻ വാങ്ങിയതിന്റെ വിലയായ 424800/- രൂപയുടെ ഇൻവോയ്സ് മാത്രമേ ഫയലിൽ ഉള്ളൂ. ചെലവ് തുകയുടെ 75% സബ്സിഡിയാണ് നൽകാവുന്നത്എന്നതിനാൽ അധികമായി നൽകിയ 56400/-രൂപ തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് നൽകിയ സബ്സിഡി തുകയിൽ അധികമായി 56400/-രൂപ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്താനും, പദ്ധതികൾ അർഹരായവർക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഭാഗം -2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ജീവനക്കാരുടെ തൊഴിൽ നികുതി കുറവ് അടവാക്കി

2023-24 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം (സ്റ്റേറ്റ്മെന്റ് പ്രകാരം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്
1	സാറാമ്മ.കെ.സി, ആയുർവേദ ഡിസ്പെൻസറി (എൻ.എച്ച്.എം)	I	20,000/- (1 മാസത്തെ വരുമാനം) X 6 =1,20,000/-	1000	500	500
2	അഞ്ജുപ്രിയ.ടി.പി, ആയുർവേദ ഡിസ്പെൻസറി (എൻ.എച്ച്.എം)	I	20,000/- (1 മാസത്തെ വരുമാനം)x 6 =1,20,000/-	1000	500	500
3	ജോമി ജേക്കബ്, സാന്തോം സെന്റ്രൽ സ്കൂൾ	I	130792	1250	1000	250
4	ജോമി ജേക്കബ്, സാന്തോം സെന്റ്രൽ സ്കൂൾ	II	130792	1250	1000	250
5	ജോസ്മി ജോൺസൺ, MAGJ ഹോസ്പിറ്റൽ	II	59678	450	300	150
	ആകെ					**1650**

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 05.09.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ ചേർത്തിട്ടുള്ള ജീവനക്കാരുടെ അടവാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വാങ്ങലുകളിൽ അധികമായി തുക നൽകിയിരിക്കുന്നു.

1. വൗച്ചർ നമ്പർ 22300238/23.5.23 പ്രകാരം പഞ്ചായത്തിന്റെ ബൊലേറോ വാഹനത്തിന് ബാറ്ററി വാങ്ങിയ ഇനത്തിൽ 7200/- രൂപ സീ ഡി ഏജൻസീസ് അങ്കമാലി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 193932/23.5.23). ഈ സ്ഥാപനത്തിന്റേതായി ഫയലിൽ ഉള്ള ഒരു ക്വട്ടേഷനിൽ 12V 65AH Amaron ബാറ്ററിക്ക് ആകെ വില 7200/- രൂപയാണ്. അതിൽ സ്ക്രാപ്പിന്റെ വില 1200/- രൂപയും കിഴിച്ച് ബാക്കി 6000/- രൂപയാണ് ബാറ്ററിയുടെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇൻവോയ്സ് നമ്പർ D 305/16.3.23 പ്രകാരം സ്ക്രാപ്പിന്റെ വിലയായ 1200/- രൂപ കിഴിക്കാതെയുള്ള 7200/- രൂപയുടെ ഇൻവോയ്സ് ആണ് സ്ഥാപനം നൽകിയിരിക്കുന്നത്. പ്രസ്തുത തുക പഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. അധികമായി 1200/- രൂപ നൽകിയിട്ടുണ്ട്.

2. വൗച്ചർ നമ്പർ 22300570/19.8.23 (ചെക്ക് നമ്പർ 247980/19.8.23) പ്രകാരം ഹരിതകർമ്മസേനക്ക് 50 രസീത് ബുക്കുകൾ 100/- രൂപ നിരക്കിൽ പ്രിന്റ് ചെയ്ത ഇനത്തിൽ ബെൻസ് പ്രിന്റേഴ്സ് കോക്കുന്ന് എന്ന സ്ഥാപനത്തിന് 5850/- രൂപ നൽകിയിട്ടുണ്ട്. ഒരു ബുക്കിന് 100 രൂപ നിരക്കിൽ 50 ബുക്കിന് 5000 രൂപയാണ് നൽകേണ്ടത്. സ്ഥാപനം നൽകിയിരിക്കുന്ന 043/14.6.23 നമ്പർ ഇൻവോയ്സിൽ 5000/- എന്നതിനു പകരം 5850/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ തുക തന്നെ പഞ്ചായത്തിൽ

നിന്നും സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. 850/- രൂപ അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് 06.09.2024 ൽ 6-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ പ്രകാരം ബാറ്ററിക്ക് 1200/- രൂപയും പ്രിന്റിംഗിന് 850/- രൂപയും അധികമായി നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-2 വക്കീൽ ഫീസ് അധികം നൽകി

WPC No. 16100/2023 (Filing Number - 16072/2023) കേസുമായി ബന്ധപ്പെട്ട വക്കീൽ ഫീ ഇനത്തിൽ വൗച്ചർ നമ്പർ 22300340/22.6.23 (ചെക്ക് നമ്പർ 247918/22.6.2023) പ്രകാരം 10000/- രൂപ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. സുധീഷ് കുമാറിന് ടിയാളുടെ കത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1043 എതിർ കക്ഷികൾ ഉള്ള ഈ കേസിൽ 445 -ാമത്തെ എതിർ കക്ഷിയാണ് മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്. ഈ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് 20.5.2023 - നാണ്. 24.5.2023 - ൽ ഈ കേസ് പരാതിക്കാരൻ തന്നെ പിൻവലിച്ചിട്ടുണ്ട്. 20.5.2023 - നും 24.5.2023 - നും ഇടയിൽ ഇത് സംബന്ധിച്ച് ഹിയറിംഗ് ഒന്നും തന്നെ നടന്നിട്ടില്ല. ഈ ദിവസങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് കോടതി നോട്ടീസ് അയക്കുകയോ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് ഈ കേസിലെ 445-ാമത്തെ എതിർകക്ഷി എന്ന നിലയിൽ സ്റ്റാൻഡിംഗ് കൗൺസൽ ബഹു. ഹൈക്കോടതിയിൽ ഹാജരാകുക മാത്രമാണ് ചെയ്തത്.

2003 - ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം (5 (1) (Vi) പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന്, കേസൊന്നിന് 3000/- രൂപയിൽ കവിയാത്ത ഫീസ് ആണ് നൽകാവുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.2.2016 - ലെ സ.ഉ. (എം എസ്) 36/16 നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള കേസൊന്നിന് 15000/- രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് ബാധകമാകുന്നത് നിലവിലുള്ള കേസിനാണ് എന്നത് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഒരു കേസിന്റെ മുഴുവൻ നടപടിക്രമങ്ങൾക്കുമാണ് കേസൊന്നിന് 15000/-രൂപ വരെ നൽകാമെന്ന് വ്യക്തമാക്കിയിട്ടുള്ളത്. തന്നെയുമല്ല ഈ തുക ബാധകമാകുന്നത് കേസിന് ഹാജരാകൽ, എതിർ സത്യവാങ്മൂലം ഫയൽ ചെയ്യൽ, വാദം മുതലായ എല്ലാ പ്രവൃത്തികൾക്കും കൂടിയാണ്. ഇത് സംബന്ധിച്ച് 6.9.2024 - ൽ 5-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ കേസിൽ സ്റ്റാൻഡിംഗ് കൗൺസൽ കോടതിയിൽ ഹാജരാവുക മാത്രമേ ചെയ്തിട്ടുള്ളൂ. ആയതിന് ആനുപാതികമായ തുകയാണ് നൽകാവുന്നത്. എന്നാൽ ഇക്കാര്യത്തിൽ നിലവിലുള്ള ഉത്തരവിന് അനുസൃതമല്ലാതെ, സ്റ്റാൻഡിംഗ് കൗൺസൽ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്. പഞ്ചായത്ത് രാജ് ചട്ടം (5 (1) (Vi) പ്രകാരമുള്ള 3000/- രൂപയിൽ കവിഞ്ഞ് നൽകിയ 7000/- (10000 - 3000) രൂപ ടിയാളിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ / തീയതി
2023-2024 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്		

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച തുകകൾ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2023-24	5,20,000	ഭവന നിർമ്മാണം -ലൈഫ്-എസ്.സി (6/24)	5,20,000	0
,,	,,	1,50,000	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (2/24)	1,50,000	0
,,	,,	12,00,000	ഭവന നിർമ്മാണം -ലൈഫ്-ജനറൽ (17/24)	12,00,000	0
,,	,,	95,000	പട്ടികജാതി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (38/24)	95,000	0
,,	,,	75,000	ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(18/24)	75,000	0
ആകെ		20,40,000		20,40,000	
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,00,000	ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് (2/24)	4,00,000	0
,,	,,	1,00,000	ഭവന നിർമ്മാണം -ലൈഫ്-എസ്.സി. (6/24)	1,00,000	0
		25,60,000	ഭവന നിർമ്മാണം -ലൈഫ്-ജനറൽ (17/24)	25,60,000	
,,	,,	1,00,000	ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി(45/24)	1,00,000	0
,,	,,	3,53,945	അംഗൻവാടി പോഷകാഹാരം(1/24)	3,53,945	
ആകെ		**35,13,945**		**35,13,945**	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്. ഇ.ബി	എം.സി.എഫ് ലേക്ക് ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കൽ (എസ് 164/24)	42301792/31.03.24	26,320	ഇല്ല	26,320
കെ.എസ്. ഇ.ബി	സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ-വാർഡ്-3 (എസ് 333/24)	42301790/31.03.24	19,035	ഇല്ല	19,035
കെ.എസ്. ഇ.ബി	സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ-വാർഡ്-14 (എസ് 355/24)	42301713/31.03.2024	42,000	ഇല്ല	42,000
		ആകെ	87,355	-	87,355
കേരള വാട്ടർ അതോറിറ്റി	താബോർ കുടിവെള്ള പദ്ധതി ഫിൽട്ടർ യൂണിറ്റ് സ്ഥാപിക്കലും കളം ശുദ്ധീകരണവും (എസ് 276/24)	42301491/25.05.2023	3,44,020	ഇല്ല	3,44,020*

* ₹3,44,020/- 25010202-Water Conservation എന്ന ശീർഷകത്തിലാണ് തെറ്റായി ചേർത്തിരിക്കുന്നത്. ആയതിനാൽ 460500201-Advance To Implementing Agencies-Deposit With KWA എന്ന ശീർഷകത്തിൽ ഈ തുക ഉൾപ്പെടുന്നില്ല. 460500202- Advance To Implementing Agencies- Deposit With KSEB എന്ന ശീർഷകത്തിൽ ₹12,80,685/- ഉം, 460500202- Advance To Implementing Agencies-

Deposit With KWA എന്ന ശീർഷകത്തിൽ ₹11,23,953/- ഉം ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗസാക്ഷ്യപത്രം വാങ്ങി ആയത് ക്രമീകരിക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,07,29,444/-വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	തൻ വർഷം ലഭിച്ച വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹)
				മുതൽ (₹)	പലിശ (₹)	
ലൈഫ് ഭവന വായ്പ കെയുആർ ഡിഎഫ്സി.	സ.ഉ.(കൈ) നം.68 /2018/ത.സ്വ.ഭ.വ./ 18.05.2018	1,07,29,444	3,60,000	1,25,548	-	1,09,63,896

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	2,00,00,000
ആകെ	2,00,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	2,00,00,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	തുക	നിക്ഷേപിച്ച തീയതി
എസ്.ബി.ഐ.മൂക്കന്നൂർ	50,00,000	05.07.2023
എസ്.ബി.ഐ.മൂക്കന്നൂർ	50,00,000	05.07.2023
എസ്.ബി.ഐ.മൂക്കന്നൂർ	50,00,000	05.07.2023
എസ്.ബി.ഐ.മൂക്കന്നൂർ	50,00,000	05.07.2023
ആകെ	2,00,00,000	

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	തുക	രസീത് നമ്പർ	തീയതി	അടവാക്കിയ ഉദ്യോഗസ്ഥൻ/ വ്യക്തി /സ്ഥാപനം
2021-22	1-12(6)	2,880.00	1230200494	19-05-2023	മാഗി ഡേവിസ്
,,	1-12(2)	150.00	1230200495	19-05-2023	ബാലനഗർ ഐ.ടി.ഐ
,,	1-12(3)	1,680.00	1230200544	23-05-2023	ജെ.എം.ജെ.എന്റർപ്രൈസസ്
..	1-12(3)	1,440.00	1230200545	23-05-2023	മരിയ ഇൻഡസ്ട്രീസ്

,,	1-12(3)	4,200.00	1230200570	24-05-2023	പറക്കാടൻസ് അഗ്രോമിൽസ്
,,	1-12(6)	1,200.00	1230200583	25-05-2023	ടി.വി.പോൾ
,,	1-12(2)	2,380.00	1230200617	30-05-2023	കോട്ടക്കൽ അഗ്രോമിൽസ്
,,	1-12(3)	1,920.00	1230800119	13-06-2023	എൽസ ഏല്യാസ്
,,	1-12(3)	1,440.00	1230800149	15-06-2023	കഫേ കാറ്ററിംഗ്
,,	1-12(3)	720.00	1230800279	27-06-2023	ജോഷി പി.ജി
,,	1-12(3)	720.00	1230800280	27-06-2023	ജോഷി പി.ജി
,,	1-12(3)	2,280.00	1230800289	30-06-2023	ജോസ് ജോണി
,,	1-12(3)	1,140.00	1230800433	14-07-2023	രാഹുൽ കെ.കെ
,,	1-12(3)	1,140.00	1230800434	14-07-2023	രാഹുൽ കെ.കെ
2013-14 &2014-15	2-2	2,500.00	1230801037	14-09-2023	സിമി പോൾ
2018-19	3-1	3,000.00	1230800338	06-07-2023	സിബിൻ ജോയ്
		28,790.00			

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം 180400103-Audit Recovery Based On Audit Reports എന്ന ശീർഷകത്തിൽ ₹27,660/- ഉം 80400103-Recovery From Others -Audit Recovery എന്ന ശീർഷകത്തിൽ ₹6,108/- ഉം ഉൾപ്പെടെ ആകെ ₹33,768/-ഈയിനത്തിലുള്ള വരവ് . എന്നാൽ ₹4,978/- ഓഡിറ്റ് എൻക്വയറി പ്രകാരം അടവാക്കിയ തുകയായതിനാൽ മേൽപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00		1999-00	അദ്ധ്യായം IV.7 (B)	തയ്യൽ മെഷീൻ വിതരണം. തുക 9220/-	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. കെ.എൻ. നാരായണന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക ഈടാക്കാൻ നിർവ്വാഹമില്ലെന്ന് മൂവാറ്റുപുഴ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.
1998-99	58	2002-03	അദ്ധ്യായം VII.7(7)(i)	സർക്കാർ ഉത്തരവിന് വിരുദ്ധമായി ലക്ഷം വീട് പുനരുദ്ധാരണത്തിന് പണം നൽകി. തുക 1,80,000/-	
1998-99	59, 60	2002-03	അദ്ധ്യായം VII.7(7)(ii)	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പണം നൽകിയത്. തുക 73,000/-	ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കി നൽകുന്നതിനായി ടിയാന്റെ ബാധ്യത സർട്ടിഫിക്കറ്റ് കൊന്നത്തടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്.
1998-99	64	2002-03	അദ്ധ്യായം VII.7(7)(iii)	തയ്യൽ പരിശീലന കേന്ദ്രം സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു. തുക 138054/-	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് ഇനത്തിൽ അടവില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ വരവ്	4,90,79,839
ഓഡിറ്റ് വർഷത്തെ ചെലവ്	6,62,84,490
വരവിനങ്ങളിലുള്ള നഷ്ടം	1,650
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	9,050
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	15,63,668

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ്ജ് ചെയ്യാവുന്നത് തുക (₹)	സർചാർജ്ജ് ചെയ്യാവുന്നത് തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	1,650		ശ്രീ.സുനിൽ കെ യു, സെക്രട്ടറി
3-1 (1)		1,200	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
3-1 (2)		850	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
3-2		7,000	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
ആകെ	**1,650**	**9,050**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	2,36,655	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
1-20	3,40,000	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
1-22	58,093	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
1-25	5,85,000	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
1-26	3,44,020	ശ്രീ. സുനിൽ കെ യു, സെക്രട്ടറി
ആകെ	15,63,668	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ സുനിൽ കെ യു, സെക്രട്ടറി	സെക്രട്ടറി മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്	കൃഷ്ണ മന്ദിരം, വിദ്യാധിരാജ സ്കൂളിന് സമീപം, മേക്കാട് പി ഒ, എറണാകുളം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ഇ (പി3)186/98/07.10.1998
1997-98	എൽ.എഫ്.ഇ (പി3)293/99/16.03.2000
1998-99	എൽ.എഫ്.ഇ(പി3)1038/01/13.01.2002
1999-00	എൽ.എഫ്.ഇ (പി4)276/02/23.01.2003
2000-01	എൽ.എഫ്.ഇ (പി4)1439/03/10.09.2004
2001-02	എൽ.എഫ്.ഇ(പി4)1375/04 / 01.12.2005

2002-03	എൽ.എഫ്.ഇ.(പി4)1423/04 / 01.12.2005
2003-04	എൽ.എഫ്.ഇ.(പി4)773/05 / 04.07.2006
2004-05	എൽ.എഫ്.ഇ (പി4)1874/06/05.07.2006
2005-06	എൽ.എഫ്.ഇ (പി4)33/07/05.07.2006
2006-07	എൽ.എഫ്.ഇ (പി4)1293/10/03.11.2011
2007-08	എൽ.എഫ്.ഇ (പി4)1294/10/03.11.2011
2008-09 2009-10 2010-11	എൽ.എഫ്.ഇ (പി4)1511/12/12.09.2012
2011-12 2012-13	എൽ.എഫ്.ഇ (പി4)973/2014/29.08.2014
2013-14 2014-15	കെ.എസ്.എ.ഇ.കെ.എം.(പി4)411/2016/11.03.2016
2015-16	കെ.എസ്.എ.ഇ.കെ.എം.(പി4)2248/2016/23.01.2017
2016-17	കെ.എസ്.എ.ഇ.കെ.എം.(പി4)2055/2017/28.11.2017
2017-18	കെ.എസ്.എ.-ഇ.കെ.എം.(പി4)165/2019/11.03.2019
2018-19	കെ.എസ്.എ.ഇ.കെ.എം (പി4)138/20
2019-20	കെ.എസ്.എ.ഇ.കെ.എം.(പി4)1374/21 തീ. 07.02.2022
2020-21	കെ.എസ്.എ.ഇ.കെ.എം (പി4)1374/21 തീ. 07.02.2022
2021-22	കെ.എസ്.എ.ഇ.കെ.എം (പി4)-2283/2022 തീ. 02/03/2023
2022-23	കെ.എസ്.എ.ഇ.കെ.എം (പി4)-1671/2023 തീ. 16/12/2023

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 25-06-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Mookkanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mookkanoor Grama Panchayat as on 31-03-2024

Date: **19/10/2024**

Deputy Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Mookkanoor Grama Panchayat for the Year 2023-2024 .

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

2.Other Observations

1.Deficiency in cash flow statement.

According to the cash flow statement, "Net increase (decrease) in cash and cash equivalent" for the period 2023-24 is Rs.(-)1,72,04,651.00. But in the same statement, "Net Cash Generated by Operating + Investing+ Financing Activity" is Rs.2,58,48,995.00. Although these two amounts should match as per accepted accounting standards, these amounts do not match in the cash flow statement provided.

2. Non inclusion of ratios and Notes on accounts. B1 Schedule not attached.

3. Lapses in making timely and accurate demand entries in respect of Tax revenue.

4. Documents related to journal vouchers are not maintained.

5.Capital Expenditure met from Maintenance Grant.

Maintenance grant is to be utilised for maintenance works, and the expenditure incurred shall be treated as revenue expenditure. But an amount of Rs. 11,18,151/- is utilised for capital expenditure.
6. Closing Balance of Sanitation Account shown in the AFS is the balance as on30.09.2023 and not the year end balance.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്